പൂർവ്വപക്ഷത്ത് ചന്ദ്രൻ ഒരു ശുഭന്റെ ദ്വാദശാംശകത്തിൽ നിന്നാൽ അരിഷ്ടത്തെ ഇല്ലാതാക്കാം. മാത്രമല്ല, ചന്ദ്രന്റെ ആറാമെടത്തും ഏഴാമെടത്തും അഷ്ടമത്തിലും ശുഭഗ്രഹം നില്ക്കുകയും പാപികളില്ലാതിരിക്കുകയും ചെയ്താലും അരിഷ്ടത്തെ ഒഴിവാക്കാം. ഇങ്ങനെ ഓരോ ഗ്രഹത്തിലും അവ ഏതെല്ലാം ഗ്രഹങ്ങളുമായി കൂടിച്ചേരന്നാൽ അരിഷ്ടയോഗങ്ങളെ ഉന്മൂലനം ചെയ്യാമെന്നും ഇതിൽ പറയുന്നുണ്ട്.

**ആയുസ്സിന്റെ മദ്ധ്യപൂർണ്ണത**

ലഗ്നാധിപനും അഷ്ടമാധിപനും ബന്ധുവാകിൽ ദീർഘായുസ്സ്, സമനാകിൽ മദ്ധ്യമായുസ്സ്, ശത്രുവാകിൽ അല്പായുസ്സ് ഇവ എങ്ങനെ കണ്ടെത്താമെന്ന് ഇതിൽ വിശദീകരിക്കുന്നു. അതിനുശേഷം ദീർഘായുർയോഗത്തിന്റെ ലക്ഷണങ്ങളാണ്. ഓരോ യോഗത്തെക്കൊണ്ടും ദീർഘായുസ്സിനെ മനസ്സിലാക്കാം. മൃത്യുപ്രദങ്ങളായിരിക്കുന്ന യോഗങ്ങളുണ്ടെങ്കിൽ യോഗത്തിന്റെ അവസാനം മൃത്യു. അതില്ലെങ്കിൽ ശനിയും ദശാപഹാരങ്ങളും എങ്ങനെ നില്ക്കുന്നു എന്നു കണ്ടെത്തി ആയുസ്സിനെ ഗ്രഹിക്കാം. ആയുസ്സിന്റെ നില മനസ്സിലാക്കാനുള്ള വിധങ്ങളും ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്.

**ലഗ്നാധിപനും അഷ്ടമാധിപനും ബന്ധുവാകിൽ ദീർഘായുസ്സ്, സമനാകിൽ മദ്ധ്യമായുസ്സ്, ശത്രുവാകിൽ അല്പായുസ്സ് ഇവ എങ്ങനെ കണ്ടെത്താമെന്ന് ഇതിൽ വിശദീകരിക്കുന്നു.**

**ചാരഫലനിരൂപണം**

അഷ്ടകവർഗ്ഗം ഉപയോഗിച്ച് ചാരഫലം എങ്ങനെ നിരൂപിക്കാമെന്നും അതിന്റെ ഫലങ്ങളെന്തെല്ലാമെന്നും ഇവിടെ പറയുന്നു.

**ഉഡുദശ**

ഒരു ശ്ലോകത്തിലൂടെ ദശയും അപഹാരങ്ങളും വരുത്തി ഉഡുദശ കണ്ടെത്താമെന്നു പറഞ്ഞാണ് രണ്ടാമദ്ധ്യായം സമാപിക്കുന്നത്. ആയുസ്സിന്റെ ഗതിവിഗതികളും അത് മനുഷ്യജീവിതത്തിൽ കടന്നുവരുന്ന സമയങ്ങളും ഈ അധ്യായത്തിൽനിന്നു മനസ്സിലാക്കാം.

**3. അസ്തരാശ്യാനുകൂല്യചിന്ത**

പുരുഷജാതകത്തിനനുസരിച്ചുള്ള സ്ത്രീയും സ്ത്രീജാതകത്തിനനുസരിച്ചുള്ള പുരുഷനും മാത്രമേ യോജിക്കുകയുള്ളൂ. ഏതെല്ലാം രാശിയിൽ വന്നാൽ ജാതകം ചേരുമെന്ന

തിനെക്കുറിച്ചും ഈ അധ്യായത്തിൽ പറയുന്നു. അതിനുശേഷം കളത്രലബ്ധിയും ഭർത്തൃലബ്ധിയും മനസ്സിലാക്കാനുള്ള ദിക്കുകൾ ചെല്ലുന്നു.

**ഗ്രഹങ്ങളുടെ ദിക്ക്**

ആദിത്യൻ കിഴക്ക്, ശുക്രൻ അഗ്നികോൺ, ചൊവ്വ തെക്ക് രാഹുനിരൃതികോൺ, ശനി പടിഞ്ഞാറ്, ചന്ദ്രൻ വായുകോണിൽ, ബുധൻ വടക്ക്, ഈശാനകോണിൽ വ്യാഴം ഇങ്ങനെയാണ് ഗ്രഹങ്ങളുടെ ദിക്ക്. ഇങ്ങനെ ഗ്രഹങ്ങളുടെ ദിക്കു മനസ്സിലാക്കി കളത്രവും ഭർത്താവും ഏതു ദിക്കിൽനിന്നാൽ നന്നായിരിക്കുമെന്നും സന്താനസൗഭാഗ്യം ഉണ്ടാകുമെന്നും മനസ്സിലാക്കി വിവാഹംകഴിച്ചാൽ അവരുടെ ജീവിതം ശോഭനമാകുമെന്ന് ഈ അധ്യായം നമ്മെ പഠിപ്പിക്കുന്നു.

**4. ഭർതൃകളത്രചിന്ത**

ഈ അധ്യായത്തിൽ കളത്രസ്ഥാനവും ഭർതൃസ്ഥാനവും വിവരിച്ചിട്ടുണ്ട്. ഏഴാമെടത്തു പാപികൾ നിന്നാൽ കണ്ണിനു ദ്രോഹമുണ്ടാകയും കളത്രനാശവും എല്ലാവരാലും ദ്വേഷിക്കപ്പെടുകയും ചെയ്യും. ഇങ്ങനെ ഓരോ ഗ്രഹങ്ങളുടെയും ചലനത്തിനനുസരിച്ച് എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കുന്നു എന്നാണ് ഇവിടെ ചർച്ചചെയ്യുന്നത്. അതിനുശേഷം പുനർവിവാഹലക്ഷണം, സ്ത്രീകളുടെ വിശേഷം എന്നിങ്ങനെ വിഭജിച്ച് ഓരോന്നും വിശദമാക്കുന്നുണ്ട്.

**പുരുഷജാതകത്തിനനുസരിച്ചുള്ള സ്ത്രീയും സ്ത്രീജാതകത്തിനനുസരിച്ചുള്ള പുരുഷനും മാത്രമേ യോജിക്കുകയുള്ളൂ. ഏതെല്ലാം രാശിയിൽ വന്നാൽ ജാതകം ചേരുമെന്നതിനെക്കുറിച്ചും ഈ അധ്യായത്തിൽ പറയുന്നു.**

**പുനർവിവാഹലക്ഷണം**

കളത്രാധിപൻ ഉഭയരാശിയിലും ഉഭയാംശകത്തിലും നില്ക്കയും അവനോടും കളത്രസ്ഥാനത്തോടും പല ഗ്രഹങ്ങൾ കൂടുകയും ദൃഷ്ടിയുണ്ടാവുകയും കളത്രസ്ഥാനാധിപൻ ഉച്ചത്തിൽ നില്ക്കുകയും വർഗ്ഗോത്തമക്ഷേത്ര സ്വനവാംശകദ്രേക്കാണങ്ങളിൽ നില്ക്കുകയും അവിടെ ശുക്രൻ വരുകയും ചെയ്താൻ അത് പുനർവിവാഹലക്ഷണമാണ്.

**സ്ത്രീകളുടെ വിശേഷം**

ഓരോ രാശിയിലും ഗ്രഹങ്ങൾ നില്ക്കുന്നതിനനുസരിച്ച് ഭർത്താവിന്റെ സ്വഭാവവും മറ്റും മനസ്സിലാക്കാം. ഉദാഹരണമായി ഏഴാമെടത്ത് ആദിത്യൻ നില്ക്കുകയും ആദിത്യനെ ശനി നോക്കുകയും ചെയ്താൽ ഭർത്താവ് അവളെ ത്യജിക്കും. ഇങ്ങനെ ഓരോ ഗ്രഹത്തിന്റെയും സ്ഥാനചലനത്തിലൂടെ ഭർത്താവിന്റെ സ്വഭാവത്തിൽ സംഭവിക്കുന്ന മാറ്റം മുൻകൂട്ടി മനസ്സിലാക്കി ദോഷപരിഹാരങ്ങൾ ചെയ്താൽ നല്ല ജീവിതം ലഭിക്കും. അല്ലെങ്കിൽ ജാതകം നന്നായി നോക്കി മാത്രം വിവാഹം ചെയ്യുക. ഇങ്ങനെ സ്ത്രീകളുടെ വിശേഷയോഗങ്ങളും ഭർത്താവിന് അവളുടെ ദോഷങ്ങളിലൂടെ സംഭവിക്കുന്ന മാറ്റവും വിവരിച്ചിട്ടുണ്ട് ഈ അധ്യായത്തിൽ.

5. **പുത്രലാഭചിന്ത**

പുത്രസ്ഥാനത്ത് ശുഭൻ നില്ക്കുകയോ നോക്കുകയോ പുത്രസ്ഥാനം ശുഭരാശിയായിരിക്കുകയോ ചെയ്താൽ പുത്രരുണ്ടാകും. ഇതിനു വിപരീതമായാൽ പുത്രരുണ്ടാകില്ല. ഇങ്ങനെ പുത്രരുണ്ടാകുന്നതിന് ഗ്രഹങ്ങൾ എവിടെയെല്ലാം നില്ക്കണമെന്നും എവിടെ നില്ക്കരുതെന്നും ഈ അധ്യായത്തിൽ പറയുന്നു. കൂടാതെ ബീജനിരൂപണപ്രകാരം, ഗുണപിണ്ഡനിരൂപണം, ഫലം, ദത്തുലക്ഷണം എന്നിവയും പ്രതിപാദിച്ചിട്ടുണ്ട്.

**ബീജനിരൂപണപ്രകാരം**

അർക്കശുക്രജീവന്മാർ മൂവരും കൂടിയതാണ് ബീജം. അത് ഓജത്തിൽ ഒജാംശകം വരുകിൽ ബീജബലമുണ്ട്. ഇങ്ങനെ ബീജത്തിന്റെ ബലക്ഷയങ്ങൾ കണ്ടെത്താം. സ്ത്രീകൾ കാരണം സന്തതിനാശമുണ്ടാകുന്നതും പുരുഷൻമൂലം സന്തതിദോഷം ഉണ്ടാകുന്നതും നമുക്ക് ഇതിലൂടെ കണ്ടെത്താം. അതിനുള്ള പരിഹാരത്തെക്കുറിച്ചും ഇതിൽ പറയുന്നുണ്ട്.

**ഗുണപിണ്ഡനിരൂപണം**

**പുത്രരുണ്ടാകുന്നതിന് ഗ്രഹങ്ങൾ എവിടെയെല്ലാം നില്ക്കണമെന്നും എവിടെ നില്ക്കരുതെന്നും ഈ അധ്യായത്തിൽ പറയുന്നു. കൂടാതെ ബീജനിരൂപണപ്രകാരം, ഗുണപിണ്ഡനിരൂപണം, ഫലം, ദത്തുലക്ഷണം എന്നിവയും പ്രതിപാദിച്ചിട്ടുണ്ട്.**

ഗുണപിണ്ഡം കണ്ടെത്താനുള്ള മാർഗ്ഗങ്ങളാണ് ഇവിടത്തെ പ്രതിപാദ്യം. പക്കം കാണുകയാണ് അതിൽ പ്രധാനം. ഉദാഹരണമായി ഉദയലഗ്നത്തെവച്ച് അഞ്ചിൽ പെരുക്കിയത് ആദിത്യൻ എന്നു കല്പിക്കുക. ക്ഷണികചന്ദ്രനെ അഞ്ചിൽ പെരുക്കിയതു ചന്ദ്രൻ. ഇവനെക്കൊണ്ട് പക്കം കാണുക.

**ഫലം**

സന്തതി ഉണ്ടാകുന്നതിനെക്കുറിച്ചും ഓരോ ദശയിൽ ഉണ്ടായാൽ വന്നേക്കാവുന്ന ഫലങ്ങളെക്കുറിച്ചും പറയുന്നു. ഏകാദശിയും ദ്വാദശിയുമാകിൽ ദ്വാദശിഹോമം ചെയ്താൽ സന്തത്യുത്പാദനം സാധ്യമാകും. ഇങ്ങനെ ഗ്രഷങ്ങളുടെ ചലനങ്ങളിലൂടെ സന്തതിയുടെ ഗതിവിഗതികളെക്കുറിച്ചു വിശദമാക്കുന്നു. സന്തതിയുടെ എണ്ണവും അവരുടെ ആയുസ്സും മനസ്സിലാക്കാനാവും. ഗ്രഹങ്ങളുടെ സ്ഥിതി അറിഞ്ഞാൽ മുൻകൂട്ടി കണ്ടെത്തി അതിനനുസരിച്ചു പ്രവർത്തിക്കാൻ കഴിയുന്നതാണ്.

**ദത്തുലക്ഷണം**

ദത്തുകൊള്ളേണ്ടതിന്റെ ലക്ഷണത്തെക്കുറിച്ച് ഇതിൽ പറയുന്നു. അഞ്ചാം രാശ്യാധിപനെയും ശനിയെയും ബുധനെയും മൂന്നും തങ്ങളിൽകൂട്ടി അതിൽ പെരുക്കിക്കരേറ്റിവന്ന സ്ഫുടം സൂര്യരാശിയിൽ ചന്ദ്രനവാംശകം വരുകിൽ ദത്തുകൊള്ളണം. ഇങ്ങനെ ഗ്രഹങ്ങളുടെ സ്ഥിതി മനസ്സിലാക്കി വേണം ദത്തുകൊള്ളാൻ.

**6. ബലനിരൂപണം**

ഓരോ ഭാവവും അതിന്റെ ലക്ഷണങ്ങളുമാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം. കൂടാതെ ക്ഷേത്രങ്ങളെക്കുറിച്ചും വിശദമാക്കുന്നുണ്ട്. മേടവും വൃശ്ചികവും ചൊവ്വായുടെ ക്ഷേത്രം, ഇടവവും തുലാമും ശുക്രന്റെ ക്ഷേത്രം ഇങ്ങനെ ഓരോ ക്ഷേത്രത്തെക്കുറിച്ചും പറയുന്നു. നവാംശകംഗണിക്കൽ, ദ്വാദശാംശകം ഗണിക്കൽ, ത്രിശാംശകം ഗണിക്കൽ, ഗ്രഹബലപ്രകാരങ്ങൾ, സർഗ്ഗബലം, കാലബലം ഇവയിലൂടെ ഓരോ ബലവും അതിന്റെ പ്രവർത്തനവും വിവരിക്കുന്നു.

**നവാംശകം ഗണിക്കൽ**

നവാംശകം ഗണിക്കാനായി മേടത്തിൽ മേടക്കാൽ തുടങ്ങുന്നത്, ഇടവത്തിൽ മകരക്കാൽ, മിഥുനത്തിൽ തുലാക്കാൽ, കർക്കടകത്തിൽ കർക്കടകക്കാൽ, ചിങ്ങത്തിൽ മേടക്കാൽ, കന്നിയിൽ മകരക്കാൽ, തുലാത്തിൽ തുലാക്കാൽ, വൃശ്ചികത്തിൽ കർക്കടകക്കാൽ, ധനുവിൽ മേടക്കാൽ, മകരത്തിൽ മകരക്കാൽ, കുംഭത്തിൽ തുലാക്കാൽ, മീനത്തിൽ കർക്കടക്കാൽ ഇവയനുസരിച്ചാണ് നവാംശകം ഗണിക്കുന്നത്.

**ദ്വാദശാംശകംഗണിക്കൽ**

ദ്വാദശാംശകം കണ്ടെത്താൻ എല്ലാ രാശിക്കും അതതിന്റേതു തന്നെയാണ് തുടങ്ങുന്നത്. മേടത്തിന് മേട ദ്വാദശാംശകം, ഇടവത്തിന് ഇടവ ദ്വാദശാംശകം ഈവിധം കാണുക. മേടദ്വാദശാംശകത്തിന് ചൊവ്വാ അധിപൻ, ഇടവ ദ്വാദശാംശകത്തിന് ശുക്രൻ അധിപൻ. ഇങ്ങനെ ദ്വാദശാംശകം ഗണിക്കാവുന്നതാണ്.

**സന്തതി ഉണ്ടാകുന്നതിനെക്കുറിച്ചും ഓരോ ദശയിൽ ഉണ്ടായാൽ വന്നേക്കാവുന്ന ഫലങ്ങളെക്കുറിച്ചും പറയുന്നു. ഏകാദശിയും ദ്വാദശിയുമാകിൽ ദ്വാദശിഹോമം ചെയ്താൽ സന്തത്യുത്പാദനം സാധ്യാകും.**

**ത്രിശാംശകം ഗണിക്കൽ**

ത്രിശാംശകം കണ്ടെത്താൻ ഒജരാശിയിൽ ആദ്യം ചൊവ്വാക്ക് അഞ്ച്, പിന്നെ വ്യാഴത്തിന് എട്ട്, പിന്നെ ബുധന് ഏഴ്, പിന്നെ ശുക്രന് അഞ്ച്, യുഗ്മരാശിയിൽ പകർന്നിട്ട് ആദ്യം ശുക്രന് അഞ്ച്, ബുധന് ഏഴ്, വ്യാഴത്തിന് എട്ട്, ചെനിക്ക് അഞ്ച്, ചൊവ്വായ്ക്ക് അഞ്ച്, ഒരു രാശിയുടെ പാതിഹോരയാകുന്നത് ഇതിലൂടെ ത്രിശാംശകം കണ്ടെത്താം. ഓരോ തീയതിയിലും ഗ്രഹങ്ങൾ അത്യുച്ചം ആകുന്നതിനെക്കുറിച്ചു പറയുന്നു. ഉദാഹരണമായി ആദിത്യന് മേടം പത്താംതീയതി അത്യുച്ചം, ചന്ദ്രന് ഇടവത്തിൽ മൂന്നാംതീയതി അത്യുച്ചം. അതിനുശേഷം ഓരോ ഗ്രഹത്തെയും ബന്ധുവിനെയും ശത്രുവിനെയുംകുറിച്ചു പറയുന്നു.

**ഗ്രഹബലപ്രകാരങ്ങൾ**

ഗ്രഹങ്ങളുടെ ബലങ്ങളെ ചൊല്ലുന്നു. ചന്ദ്രന്നും ചൊവ്വായ്ക്കും രാത്രിയിൽ ബലം.

ബുധന്ന് എല്ലായ്പ്പോഴും പൂർണ്ണബലമുണ്ട്. ആദിത്യന്നും വ്യാഴത്തിന്നും ശുക്രന്നും പകൽബലമുണ്ട്. ഇങ്ങനെ ദിശബലം. പൂർവ്വപക്ഷത്തിൽ സൗമ്യന്മാർക്കു ബലമുണ്ട്. അപകരപക്ഷത്തിൽ ക്രൂരന്മാർക്ക് ബലമുണ്ട്. കൃഷ്ണപക്ഷത്ത് ചന്ദ്രൻ ക്രൂരനെങ്കിലും ബലവാൻ. ഇങ്ങനെ പക്ഷബലം. തന്റെ തന്റെ ആഴ്ചയ്ക്കും തന്റെ തന്റെ വത്സരത്തിലും തന്റെ തന്റെ കാലഹോരയിങ്കലും തന്റെ തന്റെ മാസത്തിങ്കലും ബലമുണ്ട്. ഇങ്ങനെ കാലബലം. ആറുപ്രകാരമുള്ള ബലങ്ങളെക്കുറിച്ച് ഇതിൽ വിവരിച്ചിട്ടുണ്ട്.

**സർഗ്ഗബലം**

രാശികളുടെ നാലു ബലങ്ങളെക്കുറിച്ച് ഇതിൽ പറയുന്നു. സ്ഥാനബലം, ദൃഷ്ടിബലം, ഉഭയബലം, കാലബലം എന്നിവയാണവ. കേന്ദ്രത്തിൽ എല്ലാ രാശികൾക്കും പൂർണ്ണബലമുണ്ട്. പണപരത്തുങ്കൽ മദ്ധ്യബലം. ആപോക്ലാമത്തൂങ്കൽ ഹീനബലം. ഇങ്ങനെ സ്ഥാനബലം. ബുധനും വ്യാഴവും അധിപനും ലഗ്നത്തെ നോക്കിയാൽ ലഗ്നത്തിനു ദൃഷ്ടിബലമുണ്ട്. ഇവർ മൂവരും ലഗ്നത്തിൽനില്ക്കിൽ ലഗ്നത്തിന് ഉഭയബലമുണ്ട്.

**ചന്ദ്രന്നും ചൊവ്വായ്ക്കും രാത്രിയിൽ ബലം. ബുധന്ന് എല്ലായ്പ്പോഴും പൂർണ്ണബലമുണ്ട്. ആദിത്യന്നും വ്യാഴത്തിന്നും ശുക്രനും പകൽബലമുണ്ട്.**

**കാലബലം**

ചന്ദ്രൻ, ചൊവ്വ, ശനി എന്നീ ഗ്രഹങ്ങൾക്ക് രാത്രിയിൽ ബലം. സൂര്യൻ, വ്യാഴം, ശുക്രൻ എന്നിവയ്ക്ക് പകൽബലം. ബുധന് പകലും രാത്രിയും ഒന്നുപോലെ ബലം സിദ്ധിക്കുന്നു. ഇങ്ങനെ കാലബലം ഭവിക്കുന്നു. ലഗ്നാധിപൻ ബലവാനായിരിക്കുമ്പോൾ ലഗ്നത്തിന് അത്രയും ബലമുണ്ട്. ലഗ്നാധിപൻ ഉപചയസ്ഥാനത്ത് നില്ക്കുമ്പോഴും ലഗ്നത്തിന് ബലമുണ്ട്. ലഗ്നാധിപൻ തന്റെ ശത്രുക്കളോടും പാപികളോടും കൂടുകിലും അവരാൽ നോക്കപ്പെടുകിലും ലഗ്നത്തിന് ആദ്യം ചൊല്ലിയ ദൃഷ്ടിബലവും ഉഭയബലവും ഇല്ലാതെ ഇരുന്നാൽ ലഗ്നത്തിന് ബലമില്ല. ഇങ്ങനെ രാശിക്ക് അഞ്ചുപ്രകാരം ബലം.

**7. സമുദായഷ്ടകവർഗ്ഗം**

ഈ അധ്യായത്തിൽ ഗ്രഹനില കണ്ടുപിടിക്കുന്നതിനുള്ള വഴികൾ പറയുന്നു. രാശിഗുണകാരം, കളത്രനിരൂപണം എന്നിങ്ങനെ അതിനെ വിഭജിച്ചിട്ടുമുണ്ട്.

**രാശിഗുണകാരം**

പിതാവിന്റെയും മാതാവിന്റെയും സ്ഥാനവും അവസ്ഥയും കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളാണ് ഇതിനെ പ്രതിപാദ്യം. ആദിത്യന്റെ ഒൻപതാമെടത്ത് ശോധിക്കും മുൻപേയുള്ള പരൽസംഖ്യകൊണ്ടു ഗുണിച്ച് ഇരുപത്തേഴിൽ ഹരിച്ച് അവിടെ ശേഷി

ച്ചത്. അശ്വതി മുതലായ നാൾ വരുന്നാൾ അന്നാളിൽ ശനിചെല്ലുന്നാൾ പിതൃമരണം. ഇങ്ങനെ ആദിത്യൻ ഓരോ നാളിലും വരുമ്പോൾ പിതാവിനു സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചു പറയുന്നു. ചന്ദ്രന്റെ ശോദ്ധ്യപിണ്ഡത്തെ ചന്ദ്രന്റെ നാലാമെടത്തെ പരൽകൊണ്ടു പെരുക്കി ഇരുപത്തേഴിൽ ഹരിച്ച് ശേഷം അശ്വതി തുടങ്ങിയുള്ള നാൾ അന്നാളിൽ ചെനി ചെല്ലുന്നാൾ മാതൃമരണം. പിന്നീട് മാതാവിനു സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചും പറയുന്നു. അതിനുശേഷം സന്തതിയെയും അവർക്ക് ഓരോ ഗ്രഹത്തിന്റെയും ചലനത്തിനനുസരിച്ച് ഉണ്ടാകുന്ന മാറ്റങ്ങളെയും സൂചിപ്പിക്കുന്നു

**കളത്രനിരൂപണം**

ശുക്രാഷ്ടകവർഗ്ഗംകൊണ്ടാണ് കളത്രനിരൂപണം ചെയ്യുന്നത്. അതിനെ സംബന്ധിച്ച് മുൻ അദ്ധ്യായത്തിൽ കുറച്ചു പറഞ്ഞു. മറ്റു ചില വിശേഷങ്ങളാണ് ഇവിടെ വിവരിക്കുന്നത്. ഒൻപതാമെടത്തുടയവനും ഏഴാമെടത്തുടയവനും നിന്ന രാശിയിലെ ശുദ്ധഫലങ്ങൾ അത്ര അത്ര വിവാഹം ചെയ്യും. ശുക്രൻ മന്ദനോടു കൂടുകിലും മന്ദാംശമാകിലും മന്ദക്ഷേത്രത്തിൽ നില്ക്കിലും മന്ദാംശകമാകിലും നീചാംശഗതനാകിലും നീചസ്ത്രീകളിൽ വാഞ്ഛയുണ്ടാകും. ഇങ്ങനെ ഓരോ ഗ്രഹങ്ങളുടെ ചലനത്തിലൂടെ പുരുഷന്റെ സ്വഭാവത്തിൽ വരുന്ന മാറ്റങ്ങളെക്കുറിച്ചും ചൊല്ലുന്നു. കൂടാതെ നിര്യാണത്തെക്കുറിച്ചും പറയുന്നുണ്ട്. രാശിഗ്രഹഗുണകാരം ചെയ്തിരിക്കുന്ന ഗുണസമൂഹത്തെ ശോധിക്കും മുൻപേ ശനി നിന്ന രാശിയിലെ ഫലംകൊണ്ടു പെരുക്കി ഇരുപത്തേഴിൽ കഴിച്ച് അശ്വതിയാദിയായി ഗണിച്ചുവന്ന നക്ഷത്രത്തിൽ ശനിചെല്ലുന്നാൾ തന്റെ നിര്യാണം. ഇങ്ങനെ മരണം സംഭവിക്കുന്നതിനുള്ള ലക്ഷണങ്ങളും ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

**ലഗ്നാധിപൻ ബലവാനായിരിക്കുമ്പോൾ ലഗ്നത്തിന് അത്രയും ബലമുണ്ട്. ലഗ്നാധിപൻ ഉപചയസ്ഥാനത്തു നില്ക്കുമ്പോഴും ലഗ്നത്തിന് ബലമുണ്ട്.**

**9. അഷ്ടമാധ്യായം**

ഇതിൽ സന്തതിനിരൂപണമാണു നടത്തുന്നത്. സന്തതി ഏതെല്ലാം കാലത്ത് ഉണ്ടാകുമെന്നും അതിനുള്ള പ്രശ്നപരിഹാരങ്ങളും ഈ അധ്യായത്തിൽ വിവരിക്കുന്നു. പ്രശ്നകാലത്ത് സൂക്ഷ്മഗ്രഹസ്ഥിതി വരുത്തി സ്ഫുടമുണ്ടാക്കുക. പിന്നെ ആദിത്യചന്ന്ദ്രാരെക്കൊണ്ടു പക്കം കാണുക. പൂർവ്വപക്ഷമാകിൽ സന്തതിയുണ്ടാകും. അപരപക്ഷമായാൽ എത്രയും വിഷമം. അത് പ്രതിപദം മുതൽ ഷഷ്ടിക്ക് അകം എങ്കിൽ ഷഷ്ടിപൂജാ ഷണ്മുഖങ്കൽ ഷഷ്ടി തുടങ്ങി ദ്വാദശിക്കകമെങ്കിൽ ദ്വാദശിഹോമം. പിന്നെ വാവിന് അകത്തെങ്കിൽ വാവും തിരുവോണവും വിധിക്ക. ഇങ്ങനെ സന്താനം ഉണ്ടാകുന്നതിന് എന്തെല്ലാം പരിഹാരങ്ങൾ ചെയ്യണമെന്നും ഈ അധ്യായത്തിൽ നിർദ്ദേശിക്കുന്നു. കൂടാതെ ഗർഭപ്രശ്നം വയ്ക്കുന്നതിനെക്കുറിച്ചും അതിന്റെ ഫലങ്ങളെക്കുറിച്ചും വിവരിച്ചിട്ടുണ്ട്. ഉദാഹരണമായി ലഗ്നനവാംശ

ശക് ദിവാരാശിയായ ഒജരാശിയായിട്ടിരുന്നാൽ പുരുഷൻ. ലഗ്നം നിശാരാശ്യംശകമായ യുഗ്മാംശകമായിട്ടു വന്നാൽ സ്ത്രീ. ഇങ്ങനെ ഓരോ സന്താനത്തിന്റെയും ഗുണഗണങ്ങളെക്കുറിച്ചും പറയുന്നുണ്ട്.

എട്ട് അധ്യായങ്ങളാണ് 'ജാതകസാര'ത്തിലുള്ളത്. ഓരോ അധ്യായത്തിലും ജാതകപ്രശ്നങ്ങളും അവയുടെ പരിഹാരവും ഒന്നുപോലെ പ്രാധാന്യം നല്കി വിവരിച്ചിട്ടുള്ളതിനാൽ ജ്യോതിഷപഠനത്തിനുള്ള അടിസ്ഥാനഗ്രന്ഥങ്ങളിലൊന്നായി ഇതിനെ പരിഗണിക്കണം. സ്വന്തം ഗ്രഹനില കണ്ടെത്തി ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള മാർഗ്ഗങ്ങൾ സാധാരണക്കാർക്കുപോലും മനസ്സിലാക്കാവുന്ന തരത്തിലാണ് വിശദമാക്കിയിരിക്കുന്നത്. അതുതന്നെയാണ് ഈ കൃതിയുടെ പ്രാധാന്യവും.

**ഭാഷ**

ഭാരതത്തിലെ എല്ലാ പുഷ്ടഭാഷകളിലും സംസ്കൃതഭാഷയുടെ സ്വാധീനത ഏറിയും കുറഞ്ഞുമുണ്ടായിട്ടുണ്ട്. മലയാളഭാഷയിലും സംസ്കൃതസ്വാധീനത വളരെ വ്യക്തമായിക്കാണാം. സംസ്കൃതത്തിൽനിന്നു സാഹിത്യകൃതികളും വൈജ്ഞാനികകൃതികളും വിവർത്തനം ചെയ്തും അവയ്ക്കു ഭാഷാവ്യാഖ്യാനം ചമച്ചും സംഗൃഹീതപുനരാഖ്യാനങ്ങൾ നടത്തിയും ആദ്യകാലത്ത് മലയാളഭാഷയെ പോഷിപ്പിച്ചിട്ടുണ്ട്. സ്വാഭാവികമായി ധാരാളം സംസ്കൃതപദങ്ങൾ ഭാഷയിൽ കടന്നുകൂടി. ഇങ്ങനെയൊരു മിശ്രഭാഷ ഇവിടെ ഉടലെടുത്തു. നമ്പൂതിരിമാർക്ക് വ്യവഹാരം നടത്താനായി സംസ്കൃതവും കേരളഭാഷയും കൂട്ടിക്കലർത്തി ഒരു മിശ്രഭാഷ രൂപപ്പെടുത്തുകയും അത് കുറെക്കാലം കേരളഭാഷയായിത്തന്നെ അറിയപ്പെടുകയും ചെയ്തു. ആ ഭാഷയിൽ ധാരാളം കൃതികൾ രൂപംകൊണ്ടു. മണിപ്രവാളം ഭാഷയും സംസ്കൃതവും ഇടകലർത്തി എഴുതുന്ന രീതിയാണ്. ലീലാതിലകം അതിനു പ്രത്യേകം ലക്ഷണവും നല്കിയിട്ടുണ്ട്. തമിഴ്ഭാഷയുടെ സ്വാധീനതയിലുണ്ടായ പ്രസ്ഥാനമാണ് 'പാട്ട് ഭാഷാസാഹിത്യം'. ലീലാതിലകകാരൻ അതിനും ലക്ഷണം പറയുന്നുണ്ട്. നമ്പ്യാന്മാർ പുരാണകഥാകഥനത്തിന് ഉപയോഗിച്ച മിശ്രഭാഷയാണ് നമ്പ്യാർത്തമിഴ്. അത് സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ സംസ്കൃതപദങ്ങളിൽ ഭാഷാവിഭക്തി ചേർത്തും സംസ്കൃതപ്രാതിപദികങ്ങൾ ചേർത്തും ഉപയോഗിച്ചിരുന്നു. ഭാഷാവിഭക്തി ചേർന്ന സംസ്കൃതശബ്ദത്തെ ഭാഷാപദമായേ ഗണിച്ചിരുന്നുള്ളൂ.

**രാശിഗ്രഹഗുണകാരം ചെയ്തിരിക്കുന്ന ഗുണസമൂഹത്തെ ശോധിക്കും മുൻപേ ശനി നിന്ന രാശിയിലെ ഫലംകൊണ്ടു പെരുക്കി ഇരുപത്തേഴിൽ കഴിച്ച് അശ്വതിയാദിയായി ഗണിച്ചുവന്ന നക്ഷത്രത്തിൽ ശനിചെല്ലുന്നാൾ തന്റെ നിര്യാണം.**

പാഠസംസ്കരണത്തിനു സ്വീകരിച്ചിരിക്കുന്ന 'ജാതകസാരം' എന്ന കൃതി ഒരു ഭാഷാവ്യാഖ്യാനമാണ്. ഇതിലെ മൂലശ്ലോകങ്ങൾ സംസ്കൃതത്തിലും അവയുടെ വിവരണം ഭാഷയിലും രചിച്ചിരിക്കുന്നു. ഇതൊരു ജ്യോതിഷകൃതി ആയതുകൊണ്ടുതന്നെ ജ്യോതിഷസംബന്ധിയായ ധാരാളം സാങ്കേതികപദങ്ങൾ ഉപയോഗിച്ചുകാണുന്നു. ചുരുങ്ങിയ വാക്കുകൾകൊണ്ടു വിപുലമായ ആശയങ്ങളെ വെളിപ്പെടുത്താൻ സാങ്കേതികപദങ്ങൾക്കു കഴി

യും. ഉദാഹരണമായി ലഗ്നം, ആരൂഢം, പ്രശ്നം, സ്ഫുടം തുടങ്ങി ധാരാളം പദങ്ങൾ കണ്ടെത്താം. കൃതിയിലെ വ്യാഖ്യാനങ്ങൾ പ്രാചീനമലയാളഭാഷാഗദ്യത്തിലാണ് എഴുതിയിരിക്കുന്നത്. ശ്ലോകങ്ങളും വ്യാഖ്യാനങ്ങളും വേറിട്ടു നില്ക്കുന്നതുകൊണ്ടാകാം ശ്ലോകകാരൻ മറ്റൊരു കവിയാണെന്ന് ഉള്ളൂർ നിരീക്ഷിക്കുന്നത്.[4] കൃതിയിലെ ഭാഷ ഒൻപതാം ശതകത്തിലേതാണെന്നും അദ്ദേഹം കരുതുന്നു.[5]

സാഹിത്യചരിത്രകാരന്മാർ വൈജ്ഞാനികസാഹിത്യത്തെ അത്ര പ്രാധാന്യത്തോടെ കാണാറില്ല. ജ്യോതിഷം, വൈദ്യം, വാസ്തുവിദ്യ തുടങ്ങിയ ഗ്രന്ഥങ്ങളുടെ പരാമർശം പല സാഹിത്യചരിത്രകാരന്മാരും നടത്താറില്ല. എന്നാൽ ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രത്തിൽ ജ്യോതിഷസംബന്ധിയായ പല ഗ്രന്ഥങ്ങളെക്കുറിച്ചും പരാമർശിക്കുകയും അവയുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ ശ്രമിക്കുകയും ചെയ്തുകാണുന്നു. അതിനുദാഹരണമാണ് പ്രശ്നമാർഗ്ഗം ഭാഷ, ജാതകകർമ്മപദ്ധതി ഭാഷ, ജാതകസാരം, ഭാഷാജാതകപദ്ധതി തുടങ്ങിയ കൃതികളെ സംബന്ധിച്ച അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ. കേരളീയസംസ്കൃത സാഹിത്യചരിത്രത്തിലും ജ്യോതിഷവും വൈദ്യവും പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

'ജാതകസാരം' കൃതിയുടെ വ്യാകരണപരമായ സവിശേഷതകൾ ഏറിയ കൂറും കേരളപാണിനീയത്തിലേതുതന്നെ. സമുച്ചയപ്രത്യയമായി 'ഉം' തന്നെയാണ് ഈ കൃതിയിൽ ഉപയോഗിച്ചിരിക്കുന്നത്.

ഉദാ: തങ്ങൾക്കും സന്തതിക്കും

എന്നാൽ ചിലയിടങ്ങളിൽ 'ഉം' എന്നതിനുപകരം 'ഊതും' എന്ന് രൂപമാറ്റം ചെയ്തും കാണുന്നു.

ഉദാ: നോക്കൂതുമ്മൈവൂ, നില്പ്പൂതുമ്മൈവൂ, വികല്പപ്രത്യയമായ 'ഒ' എന്നതിനുപകരം 'താൻ' എന്നാണ് പ്രയോഗിച്ചുകാണുന്നത്.

**ലഗ്നനവാംശക് ദിവാരാശിയായ ഒജരാശിയായിട്ടിരുന്നാൽ പുരുഷൻ. ലഗ്നം നിശാരാശ്യംശകമായ യുഗ്മാംശകമായിട്ടു വന്നാൽ സ്ത്രീ. ഇങ്ങനെ ഓരോ സന്താനത്തിന്റെയും ഗുണഗണങ്ങളെക്കുറിച്ചും പറയുന്നുണ്ട്.**

ഉദാ: നോക്കുക താൻ കൂടുക താൻ
ഏഴാമെടത്തു താൻ അഞ്ചാമെടത്തു താൻ.

**പാഠവിമർശനം**

ഏതു ഭാഷയിലെയും ആദ്യകാല സാഹിത്യകൃതികൾ വായ്ത്താരികളായിട്ടാണ് ഒരു തലമുറയിൽനിന്നു മറ്റൊരു തലമുറയിലേക്കു കൈമാറിയിരുന്നത്. എഴുത്തുവിദ്യയുടെ ആവിർഭാവത്തോടെ അവ എഴുതി സൂക്ഷിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ഗുരുമുഖത്തുനിന്നും മറ്റും ചൊല്ലിക്കേട്ട് എഴുതുന്നതിന്റെ ഫലമായി അവയിൽ ധാരാളം പാഠാന്തരങ്ങളും അപപാഠങ്ങളുമുണ്ടായി. ഇങ്ങനെ ഒരു കൃതി അതിന്റെ യഥാർത്ഥരൂപത്തിൽനിന്ന് അകന്നുപോകുകയും അർത്ഥഗ്രഹണത്തിനു ക്ലേശമുണ്ടാകത്തക്കവിധത്തിൽ വികൃതമായിത്തീരുകയും ചെയ്യുന്ന ഘട്ടത്തിലാണ് പാഠസംസ്കരണത്തിലൂടെ അതിന്റെ പൂർവരൂപം പുനഃസൃഷ്ടിക്കേണ്ടിവരുന്നത്. അതിനുള്ള ശാസ്ത്രീയമായ അപഗ്രഥനവിമർശന സമ്പ്രദായമാണ് പാഠവിമർശനമെന്നു പൊതുവെ പറയാം.

അനേകം പകർപ്പുകളോ, പതിപ്പുകളോ ഉള്ള ഒരു കൃതിയുടെ ശുദ്ധമായ പാഠം നിർണയിക്കുക എന്നത് ക്ലേശകരമായ ഒരു പ്രവൃത്തിയാണ്. പാഠാന്തരങ്ങളും അപപാഠങ്ങളും പ്രക്ഷിപ്തങ്ങളും അതിൽ കടന്നുകൂടിയിട്ടുണ്ടാവും. സാഹിത്യകൃതിയുടെ ആസ്വാദനത്തിനും മൂല്യനിർണയത്തിനും പ്രതിബന്ധമായി നില്ക്കുന്ന ഇത്തരം ന്യൂനതകൾ സൂക്ഷ്മവും ഗവേഷണാത്മകവുമായ പഠനത്തിലൂടെ ഒഴിവാക്കുകയും മൂലപാഠം കണ്ടെത്തി കൃതിയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെ ഗ്രന്ഥകാരൻ എഴുതിയതോ അതിനോട് ഏറെ സാമ്യമുള്ളതോ ആയ പാഠത്തെയാണ് മൂലപാഠം അഥവാ ഗ്രന്ഥകർത്തൃപാഠം എന്നുപറയുന്നത്. ലഭ്യമായിട്ടുള്ള ഉപാദാനങ്ങൾ വച്ചുകൊണ്ട് മൂലപാഠത്തിന്റെ പുനഃസൃഷ്ടി നിർവ്വഹിക്കുകയാണ് പാഠവിമർശനത്തിന്റെ ലക്ഷ്യം. സാംസ്കാരികവും ഭാഷാപരവുമായ വളർച്ചയെ സംബന്ധിച്ച പഠനത്തിൽ പാഠസംസ്കരണം നിർവ്വഹിച്ചിട്ടുള്ള ഗ്രന്ഥങ്ങളാകണം അടിസ്ഥാനരേഖകളായി സ്വീകരിക്കാൻ. എങ്കിൽ മാത്രമേ വിശ്വസനീയവും ആധികാരികവുമായ പഠനം നിർവഹിക്കാനാവൂ.

ഇങ്ങനെ ഗ്രന്ഥപ്പുരകളിൽ പ്രകാശം കാത്തുകിടക്കുന്ന ഗ്രന്ഥങ്ങളുടെ മൂലപാഠം കണ്ടെത്തുകയാണ് സംശോധിതസംസ്കരണം കൊണ്ടുദ്ദേശിക്കുന്നത്. അങ്ങനെ ലഭിക്കുന്ന കൃതികൾക്ക് വളരെയധികം ആധികാരികതയും വിശ്വാസ്യതയും വർദ്ധിക്കുന്നതാണ്. വൈജ്ഞാനികമായ ധാരാളം കൃതികൾ ഇന്നും വെളിച്ചം കാണാതെ കിടക്കുന്നുണ്ട്. അവയെ സാധാരണക്കാരുടെ ഇടയിലേക്കെത്തിക്കുക എന്ന വലിയ ദൗത്യമാണ് പാഠവിമർശകൻ ഏറ്റെടുക്കേണ്ടതും നടപ്പിലാക്കേണ്ടതും. അതിലൂടെ നമ്മുടെ വൈജ്ഞാനിക പാരമ്പര്യം കണ്ടെത്താനാവും.

**സാഹിത്യചരിത്രകാരന്മാർ വൈജ്ഞാനികസാഹിത്യത്തെ അത്ര പ്രാധാന്യത്തോടെ കാണാറില്ല. ജ്യോതിഷം, വൈദ്യം, വാസ്തുവിദ്യ തുടങ്ങിയ ഗ്രന്ഥങ്ങളുടെ പരാമർശം പല സാഹിത്യചരിത്രകാരന്മാരും നടത്താറുമില്ല.**

**പാഠവിമർശനസാമഗ്രികൾ**

കേരളസർവകലാശാല ഹസ്തലിഖിതഗ്രന്ഥാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഒരു താളിയോലപ്പകർപ്പും ഒരു കടലാസുപകർപ്പുമാണ് 'ജാതകസാരം' എന്ന കൃതിയുടെ പാഠസംസ്കരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. കൂടല്ലൂർമനയിൽനിന്നു ലഭിച്ചതാണ് ഈ ഗ്രന്ഥങ്ങൾ. ഇവയ്ക്ക് യഥാക്രമം എ, ബി എന്നിങ്ങനെ നാമകരണം ചെയ്തിരിക്കുന്നു. ഇവയിൽ എ ഗ്രന്ഥത്തെയാണ് പാഠസംസ്കരണത്തിന് അടിസ്ഥാനമായി പകർത്തിയത്. ബി ഗ്രന്ഥത്തിലെ വരികളുമായി ഒത്തുനോക്കുകയും അങ്ങനെ ഈ കൃതിയുടെ യഥാർത്ഥ പാഠത്തോട് അടുത്തുനില്ക്കുന്ന ഒരു പാഠത്തെ പുനഃസൃഷ്ടിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

ഗ്രന്ഥവിവരണം ചുവടെ ചേർക്കുന്നു.

| ക്രമ.നമ്പർ | രജി. നമ്പർ | ഗ്രന്ഥസൂചകനാമം |
|---|---|---|
| 1 | 1256-എ | എ |
| 2 | ടി 144-ഡി | ബി |

ഇവയാണ് പാഠസംസ്കരണത്തിനു സ്വീകരിച്ചിരിക്കുന്നത്.

**1. രജി. നം. 1256-എ**

ഇത് പൂർണമായ ഒരു താളിയോലഗ്രന്ഥമാണ്. 22 സെ.മീ. നീളവും 4 സെ.മീ. വീതിയുമുള്ള 49 ഓലകളുണ്ട്. ഓലയുടെ ഒരു വശത്ത് ശരാശരി 8 വരിയും ഒരു വരിയിൽ ശരാശരി 35 അക്ഷരവും കാണുന്നു. ഗ്രന്ഥസംഖ്യ 858 ആണ്. ഗ്രന്ഥകർത്താവിനെക്കുറിച്ചോ കാലത്തെക്കുറിച്ചോ താളിയോലയിൽ യാതൊരു സൂചനയുമില്ല. ശ്ലോകങ്ങൾ എല്ലാം സംസ്കൃതത്തിലും അവയുടെ വിവരണം മലയാളത്തിലുമാണ് എഴുതിയിരിക്കുന്നത്.

ലിപിവിന്യാസത്തിലെ പ്രത്യേകതകൾ

1. 'എ' കാര 'ഒ'കാരങ്ങൾക്കു ഹ്രസ്വദീർഘഭേദം കാണിക്കുന്ന ലിപി ഉപയോഗിച്ചുകാണുന്നില്ല.
   ഉദാ:- നൊക്കുക - നോക്കുക
   കെതു - കേതു
2. 'ചെയ്' എന്നതിനുപകരം 'ചൈ' എന്നു പ്രയോഗിച്ചുകാണുന്നു.
   ഉദാ:- ചെയായൂ - ചൈയ്യൂ
   ചെയ്കിൽ - ചൈകിൽ
3. 'ഉ'കാരത്തിനു പകരം 'ഇ'കാരം എഴുതിക്കാണുന്നു.
   ഉദാ:- ഇരുവർ - ഇരിവർ
4. 'ശ'യ്ക്കുപകരം 'ചെ' എഴുതിക്കാണുന്നു.
   ഉദാ:- ശനി -ചെനി
5. 'ക്ക'യ്ക്കുപകരം 'പ്പ' കാണുന്നു.
   ഉദാ:- വെച്ചേക്കൂ - വെച്ചേപ്പൂ
6. 'ഇര്' എന്നതിനുപകരം 'ഋ' എന്ന സ്വരം എഴുതിയിരിക്കുന്നു.
   ഉദാ:- മുതിർന്നു - മൃതുന്നു
   നിർണയം - നൃണയം
7. 'ഒ'കാരത്തിനു പകരം 'ഉ'കാരം കാണുന്നു.
   ഉദാ:- പൊടുന്നനവേ - പുടുന്നനവേ
8. 'ഉം' എന്നതിനുപകരം 'ഊതും' എന്ന് രൂപമാറ്റം വരുത്തി എഴുതിക്കാണുന്നു.
   ഉദാ:- നോക്കുകയും ചെയ്‌വു - നോക്കൂതുഞ്ചൈവൂ
9. മുറ്റുവിനയുടെ അന്ത്യത്തിലെ 'ഉ'കാരം ചിലയിടങ്ങളിൽ 'അ'കാരാന്തമായി എഴുതിയിരിക്കുന്നു.
   ഉദാ:- നന്നു - ന്ന

**ഒരു കൃതി അതിന്റെ യഥാർത്ഥരൂപത്തിൽനിന്ന് അകന്നുപോകുകയും അർത്ഥഗ്രഹണത്തിനു ക്ലേശമുണ്ടാകത്തക്ക വിധത്തിൽ വികൃതമായിത്തീരുകയും ചെയ്യുന്ന ഘട്ടത്തിലാണ് പാഠസംസ്കരണത്തിലൂടെ അതിന്റെ പൂർവരൂപം പുനഃസൃഷ്ടിക്കേണ്ടിവരുന്നത്.**

| | | | |
|---|---|---|---|
| | പെരുക്കീട്ടു | - | പെരിക്കീട്ട |

10. 'ഈ'യ്ക്കു പകരം 'ഠരം' എന്ന വട്ടെഴുത്തു ലിപി എഴുതിക്കാണുന്നു.

| | | | |
|---|---|---|---|
| ഉദാ:- | ഈവണ്ണം | - | ഠരംവണ്ണം |
| | ഈയോഗം | - | ഠരംയോഗം |

11. 'അ'കാരസ്ഥാനത്ത് ആവശ്യമില്ലാതെ 'എ'കാരം ചേർത്തെഴുതിയിരിക്കുന്നു.

| | | | |
|---|---|---|---|
| ഉദാ:- | കളക | - | കളെക |
| | വച്ചാൽ | - | വെച്ചാൽ |

12. അനുസ്വാരത്തിനൊപ്പം 'മ'കാരവും ചേർത്ത് എഴുതിക്കാണുന്നു.

| | | | |
|---|---|---|---|
| ഉദാ:- | ഫലം | - | ഫലമം |

13. 'ര്യ'യ്ക്കുപകരം 'ര്യ്യ' എന്ന പ്രയോഗം സാർവത്രികമായി കാണാം.

| | | | |
|---|---|---|---|
| ഉദാ:- | സൂര്യൻ | - | സൂര്യ്യൻ |
| | ഭാര്യ | - | ഭാര്യ്യ |

**അക്ഷരവടിയിലെ പ്രത്യേകതകൾ**

| | | |
|---|---|---|
| ണ്ട | - | ങ്ങ |
| ങ്ങ | - | ഞ്ഞ |
| വ | - | വ്യ |
| മ്മ | - | മ്യ |
| ഴ | - | |
| ച്ച | - | ച്ച |
| സ്ത | - | |
| ന്ധ | - | |
| ഞ്ഞ | - | |
| ണ്ഡ | - | |
| പ്ത | - | |
| ന്നു | - | |
| ക്യ | - | |
| ക്ക | - | ക്ത |
| ഈ | - | ഠരം |
| ര്യ | - | |
| ന്റെ | - | |
| രു | - | കൂ |

**കൊളോഫോൺ**

കരകൃതമപരാധം ക്ഷന്തുമർഹന്തിസന്തഃ ഇതി ജാതകസാരം സമാപ്തം. ഓരോ അധ്യായത്തിന്റെയും അവസാനം ഇതി ജാതകസാരേ പ്രഥമ, ദ്വിതീയ, തൃതീയ, ചതുർത്ഥ, പഞ്ചമ, ഷഷ്ഠ, സപ്തമ, അഷ്ട അധ്യായം സമാപ്തം എന്ന് ഇടയ്ക്ക് കൊളോഫോൺ രേഖപ്പെടുത്തിയിട്ടുണ്ട്.

**2. രജി. നം. ടി. 144-ഡി**

പൂർണ്ണമായ ഒരു കടലാസുപകർപ്പാണിത്. പകർപ്പെഴുത്തുകാരൻ ആർ. ശങ്കരയ്യരാണ്. ആദർശസംഖ്യ 377ഉം പ്രതിരൂചിപപുടം 80-ഉം പകർപ്പെഴുതിയ കാലം 6-2-1102 ആണ്. പകർപ്പിൽത്തന്നെ ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. താളിയോലയിൽനിന്നു വളരെ വികാസംപ്രാപിച്ചരീതിയിലുള്ള മലയാള അക്ഷരങ്ങളാണ് കടലാസുപകർപ്പിൽ കാണുന്നത്.

**അക്ഷരവടിവിലെ ചില പ്രത്യേകതകൾ**

സ്ഥ -
ര്യ -
ക്ക് -

**വംശാവലീബന്ധം**

ഗ്രന്ഥത്തെക്കുറിച്ചുള്ള വസ്തുതകളും തെളിവുകളും ശേഖരിച്ച് വംശാവലീരൂപത്തിൽ അവയെ ക്രമീകരിക്കുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. സംശോധിതസംസ്കരണം നിർവഹിക്കുമ്പോൾ ഒരു കൃതിയുടെ ലഭ്യമായിട്ടുള്ള താളിയോലപ്പകർപ്പുകൾ ശേഖരിച്ച് അവയുടെ ജന്യജനകബന്ധം കണ്ടെത്തേണ്ടതായിട്ടുണ്ട്. പകർപ്പുകളും പകർപ്പുകളുടെ പകർപ്പുകളും ചേർന്ന ഒരു ഗ്രന്ഥസമുച്ചയമാണ് പാഠവിമർശകന് ഉപാദാനമായി ലഭിക്കുന്നത്. പാഠങ്ങളിലെ സാദൃശ്യവൈസാദൃശ്യങ്ങൾ വിട്ടുപോയതോ കൂട്ടച്ചേർത്തതോ ആയ വരികൾ, പദങ്ങൾ എന്നിവ തമ്മിലുള്ള സമാനത, പകർത്തിയ കാലം, ലഭ്യമാണെങ്കിൽ അവയുടെ കാലഗണനാക്രമം എന്നിങ്ങനെ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പകർപ്പുകൾ തമ്മിലുള്ള ജന്യജനകബന്ധം വ്യക്തമാകത്തക്കവിധത്തിൽ ലഭ്യമായിട്ടുള്ള പകർപ്പുകളെ ക്രമീകരിക്കുന്ന സമ്പ്രദായത്തിനാണ് വംശാവലി എന്നു പറയുന്നത്.

ഈ പാഠസംസ്കരണത്തിന് ഒരു താളിയോലപകർപ്പും ഒരു കടലാസുപകർപ്പും മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇവയുടെ പൂർവമാതൃകകൾ ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അവയുടെ വംശാവലീബന്ധനിർണയത്തിന് ഇവിടെ പ്രസക്തിയില്ല.

**കുറിപ്പുകൾ**

1. പരമേശ്വരയ്യർ, എസ്. ഉള്ളൂർ, കേരളസാഹിത്യചരിത്രം, വാല്യം 3, തിരുവനന്തപുരം: കേരളസർവകലാശാല, 1990, പുറം 257.
2. രാജരാജവർമ്മ വടക്കുംകൂർ, കേരളീയസംസ്കൃത സാഹിത്യചരിത്രം, വാല്യം 2, കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല, 1997, പുറം 504.
3. അരവിന്ദാക്ഷൻ, വി. (ഡയ.), സർവവിജ്ഞാനകോശം, വാല്യം 11, തിരുവനന്തപുരം: കേരളസംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം 88.
4. പരമേശ്വരയ്യർ, എസ്. ഉള്ളൂർ, കേരളസാഹിത്യചരിത്രം, വാല്യം 4, തിരുവനന്തപുരം: കേരളസർവകലാശാല, 1990, പുറം 257.
5. അതിൽത്തന്നെ, പുറം 257.

# ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനം

പി. കേശവൻനായർ*

ഗാന്ധിജി ഒരു അക്കാദമിക-വിദ്യാഭ്യാസവിചക്ഷണനായിരുന്നില്ല. എന്നാൽ ലോകത്ത് മറ്റാരെയുംകാൾ അധികം വിദ്യാഭ്യാസത്തെക്കുറിച്ചു ചിന്തിച്ച വ്യക്തിയായിരുന്നു ഗാന്ധിജി. വിദ്യാഭ്യാസത്തെസ്സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ഉൾക്കാഴ്ച അന്യദൃശം തന്നെയായിരുന്നു. മൗലികവും ദേശീയവുമായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ. മനുഷ്യനെ മനുഷ്യനാക്കുന്ന വിദ്യാഭ്യാസമായിരുന്നു ഗാന്ധിജിക്കു വിദ്യാഭ്യാസം. ഗാന്ധിജി പറഞ്ഞു: "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം(യാ വിദ്യാ സാ വിമുക്തയേ)' എന്ന ആപ്തവാക്യം പണ്ടെന്നപോലെ ഇന്നും അർത്ഥവത്താണ്. വിദ്യാഭ്യാസമെന്നതിന് ഇവിടെ വെറും ആത്മീയവിദ്യാഭ്യാസമെന്നോ മോചനമെന്നതിന് മരണാനന്തരമുള്ള ആത്മീയമുക്തിയെന്നോ അല്ല അർത്ഥം. അറിവെന്നത് മനുഷ്യവർഗത്തിന്റെ സേവനത്തിന് ഉപയുക്തമായ എല്ലാ ശിക്ഷണവും ഉൾക്കൊള്ളുന്ന ഒന്നാണ്. മോചനമെന്നതിന് ഇന്നത്തെ ജീവിതത്തിലേതുൾപ്പെടെ എല്ലാത്തരം ദാസ്യത്തിൽനിന്നുമുള്ള മോചനമെന്നർത്ഥമാകുന്നു. ദാസ്യം രണ്ടുതരത്തിലാണ്. ബാഹ്യമായ അധീശാധികാരത്തിൻകീഴിലുള്ള അടിമത്തവും, ഒരാളുടെ കൃത്രിമാവശ്യങ്ങൾക്കടിപ്പെടലും. ഈ ആദർശം സാക്ഷാത്കരിക്കുന്നതിനുള്ള അന്വേഷണത്തിൽനിന്നു സിദ്ധിക്കുന്ന വിജ്ഞാനം മാത്രമാണ് ശരിയായ പറിപ്പ്." ചിരപുരാതനകാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്ന വിദ്യാഭ്യാസദർശനമായിരുന്നു ഗാന്ധിജിയുടേത്.

**ഭാരതീയമായ കാഴ്ചപ്പാടിൽ ശരീരം, മനസ്സ് എന്നിവയെ സചേതനങ്ങളാക്കി പ്രവർത്തിക്കുന്ന ചൈതന്യമായ ആത്മാവുകൂടിച്ചേർന്നതാണ് മനുഷ്യൻ. ശരീരം, മനസ്സ് എന്നീ ഉപാധികൾക്കാധാരമായ സത്ത ആത്മാവാണെന്നർത്ഥം.**

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ മനുഷ്യനെക്കുറിച്ചുള്ള സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. 'ശരീരമാണു മനുഷ്യൻ' എന്നാണെങ്കിൽ അതിനനുസരിച്ചായിരിക്കും വിദ്യാഭ്യാസം. 'മനസ്സാണു മനുഷ്യൻ' എന്നാണെങ്കിൽ അതിനനുസരിച്ചും. ആത്മാവാണ് മനുഷ്യന്റെ സത്ത എന്നാണെങ്കിൽ അതിനനുസരിച്ചും. ഭാരതീയമായ കാഴ്ചപ്പാടിൽ ശരീരം, മനസ്സ് എന്നിവയെ സചേതനങ്ങളാക്കി പ്രവർത്തിക്കുന്ന ചൈതന്യമായ ആത്മാവുകൂടിച്ചേർന്നതാണ് മനുഷ്യൻ. ശരീരം, മനസ്സ് എന്നീ ഉപാധികൾക്കാധാരമായ സത്ത ആത്മാവാണെന്നർത്ഥം. ഈ മൂന്നിനെക്കുറിച്ചും അറിയേണ്ടത് അറിഞ്ഞാറേ മനുഷ്യൻ പൂർണനാകൂ. പൂർണവ്യക്തിത്വത്തിന്റെ ഈ മൂന്നു ഘടകങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും അവയിൽ അനശ്വരമായ ആത്മവസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും സഹായിക്കുന്ന വിദ്യാഭ്യാസം മാത്രമേ മനുഷ്യനെ അവന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമർത്ഥനാക്കൂ. ഭാരതീയവിദ്യാഭ്യാസദർശനങ്ങളുടെ മുഖ്യസ്രോതസ്സുകളിൽ ഒന്ന് ഉപ

* *ഐക്യരഴികത്ത്, തേവള്ളി പി.ഒ., കൊല്ലം 691009*

നിഷത്തുക്കളാണ്. വിദ്യാഭ്യാസചിന്തകളാൽ സമ്പന്നമാണത്. ഉപനിഷത്തുകൾക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് രണ്ടു ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. ഊർജ്ജസ്വലമായി ആരോഗ്യത്തോടെ ജീവിതം നയിക്കുന്നതിന് ശരീരത്തെയും മനസ്സിനെയും ശക്തിപ്പെടുത്തുകയെന്നതാണ് ഒന്നാമത്തേത്. ഉപനിഷദ്ശാസ്ത്രമനുസരിച്ച് മനസ്സും ജ്ഞാനേന്ദ്രിയങ്ങളും ആത്മാവിന്റെ ശക്തിയാണ്. അതുകൊണ്ട് അവയെ ശക്തിപ്പെടുത്തേണ്ടതും വിപുലപ്പെടുത്തേണ്ടതും ശുദ്ധീകരിക്കേണ്ടതും ആവശ്യമാണ്. മാണ്ഡക്യോപനിഷത്തിന്റെ ശക്തിമന്ത്രത്തിൽ പ്രാർത്ഥിക്കുന്നു. "ചെവികൾകൊണ്ട് ഞങ്ങൾ മംഗളം കേൾക്കുമാറാകട്ടെ, കണ്ണുകൾകൊണ്ട് ഞങ്ങൾ മംഗളം കേൾക്കുമാറാകട്ടെ, ഞങ്ങൾ ദൃഢങ്ങളായ അവയവങ്ങളോടുകൂടിയവരാകട്ടെ, ദീർഘായുസ്സുള്ളവരാകട്ടെ. ഞങ്ങൾക്ക് ശാന്തി അനുഭവപ്പെടട്ടെ." ഇതുതന്നെയാണ് പ്രശ്നോപനിഷത്തിന്റെ ശാന്തിമന്ത്രവും. പ്രശ്നോപനിഷത്തിൽ ബ്രഹ്മവിദ്യ അഭ്യസിക്കാനെത്തുന്ന ശിഷ്യനോട് ഗുരു പറയുന്നു: "ഒരു വർഷം നീ എന്നോടൊപ്പം ബ്രഹ്മചര്യത്തോടെയും വൈരാഗ്യത്തോടെയും ഈശ്വരവിശ്വാസത്തോടെയും താമസിച്ചതിനുശേഷം ഏതു ചോദ്യം വേണമെങ്കിലും നിനക്ക് എന്നോടു ചോദിക്കാം." ഗുരുശിഷ്യബന്ധം പരിപാവനമായിട്ടാണ് ഉപനിഷത്തുക്കൾ വിശേഷിപ്പിച്ചത്. ഗരു ശിഷ്യന്റെ ഉള്ളിലെ ഇരുട്ടിനെ അകറ്റുന്നവനാണ്. ഉപനിഷദ്കാലത്തെ വിദ്യാഭ്യാസത്തിൽ ജ്ഞാനേന്ദ്രിയങ്ങളെയും കർമേന്ദ്രിയങ്ങളെയും ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനമാണ് ആദ്യം വിദ്യാർത്ഥിക്കു നല്കിയിരുന്നത്. ഇത് വിദ്യാർത്ഥിയുടെ സ്വഭാവശുദ്ധീകരണത്തിനും ആഗ്രഹങ്ങളെ നിയന്ത്രിക്കാനും മനസ്സിനെ ഏകാഗ്രമാക്കുന്നതിനും ഇച്ഛാശക്തി വർദ്ധിപ്പിക്കാനുമാണ്. രണ്ടാമത്തേത് ഈ പരിശീലനത്തിലൂടെ വിദ്യാർത്ഥിയുടെ ഉള്ളിലെ അദൃശ്യശക്തികളെ ഉണർത്തുന്നതിനും അയാളെ സമാധാനപരവും പ്രയോജനപ്രദവുമായ ജീവിതം നയിക്കാൻ സഹായിക്കുന്നതിനുമാണ്. ഒരു വ്യക്തിയുടെ ജ്ഞാനേന്ദ്രിയങ്ങളും മനസ്സും കടിഞ്ഞാണില്ലാതെയാണു പ്രവർത്തിക്കുന്നതെങ്കിൽ അത് വ്യക്തിയുടെ സർവനാശത്തിനിടയാക്കും. മനസ്സിനെയും ശരീരത്തെയും ആത്മാവിനാൽ ശുദ്ധീകരിക്കാൻ കഴിഞ്ഞാൽ വ്യക്തിയുടെ ജീവിതം അനുഗൃഹീതമാകും. ഇത്തരം വ്യക്തികളടങ്ങിയതാകണം സമൂഹം എന്നതായിരുന്നു വൈദികമായ കാഴ്ചപ്പാട്.

**ഭാരതീയവിദ്യാഭ്യാസദർശനങ്ങളുടെ മുഖ്യസ്രോതസ്സുകളിൽ ഒന്ന് ഉപനിഷത്തുകളാണ്. വിദ്യാഭ്യാസചിന്തകളാൽ സമ്പന്നമാണത്. ഉപനിഷത്തുകൾക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് രണ്ടു ലക്ഷ്യങ്ങളാണുണ്ടായിരുന്നത്.**

ഭൗതികവും ആദ്ധ്യാത്മികവുമായ അറിവുകൾ ഒരുമിച്ച് അഭ്യസിക്കുന്നതായിരുന്നു പ്രാചീനകാലംമുതൽ ഭാരതത്തിൽ നിലനിന്നിരുന്ന വിദ്യാഭ്യാസരീതി. ഭൗതികമായ അറിവ് എന്നാൽ കണം മുതൽ പ്രപഞ്ചംവരെയുള്ള സകലതിനെയുംകുറിച്ചുള്ള പഠനം. ഭാരതീയമായ കാഴ്ചപ്പാടിൽ ആദ്ധ്യാത്മികമായ അറിവ് 'തന്നെ'ക്കുറിച്ചുള്ള പഠനമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അറിയപ്പെടുന്നതിനുപുറമെ അറിയുന്നവനെയും പഠിക്കുന്നു. മുണ്ഡകോപനിഷത്ത് വിദ്യയെ രണ്ടായി തരംതിരിച്ചിരിക്കുന്നു. പരാവിദ്യ, അപരാവിദ്യ എന്നിങ്ങനെ. പരാവിദ്യയെന്നാൽ അറിയുന്നവനെക്കുറിച്ചുള്ള വിദ്യ. തത്ത്വശാസ്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, സാഹിത്യം, കല എന്നിവയെല്ലാം അപരാവിദ്യയാണ്. പ്രപഞ്ചത്തിന്റെ കാരണമെന്ത്? ഞാൻ ആരാണ്? എന്നീ ചോദ്യങ്ങൾക്ക് അനുഭവത്തിലൂടെ

കാരണമറിയുന്നതാണ് പരാവിദ്യ. ഉപനിഷത്തിന്റെ വീക്ഷണത്തിൽ രണ്ടിന്റെയും സമന്വയമാണ് വിദ്യ.

യൂറോപ്പിലെ വ്യവസായവിപ്ലവത്തെത്തുടർന്നു രൂപംകൊണ്ട പാശ്ചാത്യതത്ത്വചിന്തയുടെ പൊതുവായ വീക്ഷണം മനുഷ്യനും പ്രകൃതിയും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സംഘട്ടനത്തിലാണെന്നാണ്. മനുഷ്യനും പ്രകൃതിയും ശരീരവും മനസ്സും ഭിന്നമാണെന്നാണ് അതു കരുതുന്നത്. ജീവിതം നിലനില്പിനുവേണ്ടിയുള്ള സമരമാണെന്നും അർഹതയുള്ളതു മാത്രമേ അതിജീവിക്കുകയുള്ളൂവെന്നും അതു വിശ്വസിക്കുന്നു. ഈ വീക്ഷണത്തിൽനിന്നു രൂപംപ്രാപിച്ചതാണ് പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായം. യൂറോപ്പിൽ വളർന്നുവികാസം പ്രാപിച്ച മുതലാളിത്തവ്യവസ്ഥയ്ക്ക് അനുയോജ്യമായിരുന്നു അത്. വേദകാലംമുതൽ ബ്രിട്ടീഷുകാർ ഭാരതത്തെ കീഴടക്കുന്നതുവരെ ഇവിടെയുണ്ടായിരുന്ന വിദ്യാഭ്യാസസമ്പ്രദായം ഏകാത്മകവും സമഗ്രവും ദേശീയവുമായിരുന്നു; ഭാരതീയസംസ്കൃതിയുമായി ഇഴചേർന്നതായിരുന്നു. ഭാരതത്തിൽ നിലനിന്നിരുന്ന തികച്ചും 'ഹോളിസ്റ്റിക്കായ' വിദ്യാഭ്യാസസമ്പ്രദായത്തിന് അന്ത്യം കുറിച്ചത് 1834 മുതൽ 1838വരെ ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ സുപ്രീം കൗൺസിൽ ഉപദേഷ്ടാവായിരുന്ന തോമസ് ബാർബിങ്ടൺ മെക്കാളെയായിരുന്നു. ഭാരതത്തെ കൊള്ളയടിക്കുന്നതിനും 'യൂറോപ്പ്വത്കരിക്കു'ന്നതിനും അനുയോജ്യമായ ഒരു വിദ്യാഭ്യാസപദ്ധതി മെക്കാളെ ആവിഷ്കരിച്ചു. 1835ൽ അദ്ദേഹം ഇംഗ്ലീഷ് വിദ്യാഭ്യാസനിയമം കൊണ്ടുവന്നു. ആറാംക്ലാസുമുതൽ അദ്ധ്യയനഭാഷ സംസ്കൃതത്തിനും പേർഷ്യനും പകരം ഇംഗ്ലീഷായിരിക്കണമെന്നായിരുന്നു ഈ നിയമം. കോളനിഭരണത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാൻ കറുത്ത സായിപ്പന്മാരെ സൃഷ്ടിക്കുകയെന്നതായിരുന്നു മെക്കാളെയുടെ ലക്ഷ്യം. സംസ്കൃതം മൃതഭാഷയാണെന്നു പ്രചരിപ്പിച്ചു. ആയുർവേദവും മറ്റു പാരമ്പര്യവൈദ്യവും കപടശാസ്ത്രങ്ങളാണെന്നു പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ഉത്തരവിറക്കി. ഭാരതീയസാഹിത്യത്തെയും കലകളെയും നിരുത്സാഹപ്പെടുത്തി. സ്വദേശി വിദ്യാഭ്യാസത്തെയും പാരമ്പര്യവിദ്യാഭ്യാസത്തെയും ബ്രിട്ടീഷുകാർ തകർത്തു. പ്രാചീനകാലംമുതൽ ഭാരതത്തിൽ നിലനിന്നിരുന്ന ഏകാദ്ധ്യാപകവിദ്യാലയങ്ങൾ അവർ നിർത്തലാക്കി. ബ്രിട്ടീഷുകാരുടെ വിദ്യാഭ്യാസപരിഷ്കരണങ്ങൾക്കു മുൻപ് നിലനിന്നിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തെ ഗാന്ധിജി 'സുന്ദരവൃക്ഷം' (The Beautiful Tree) എന്നായിരുന്നു വിശേഷിപ്പിച്ചത്.

**കോളനിഭരണത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാൻ കറുത്ത സായിപ്പന്മാരെ സൃഷ്ടിക്കുകയെന്നതായിരുന്നു മെക്കാളെയുടെ ലക്ഷ്യം. സംസ്കൃതം മൃതഭാഷയാണെന്നു പ്രചരിപ്പിച്ചു. ആയുർവേദവും മറ്റു പാരമ്പര്യവൈദ്യവും കപടശാസ്ത്രങ്ങളാണെന്നു പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ഉത്തരവിറക്കി. ഭാരതീയസാഹിത്യത്തെയും കലകളെയും നിരുത്സാഹപ്പെടുത്തി.**

പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ അതിശക്തനായ എതിരാളിയായിരുന്നു ഗാന്ധിജി. ഗാന്ധിജിയുടെ വിദ്യാഭ്യാസസങ്കല്പത്തിൽ ശരീരവും മനസ്സും ആത്മാവുമുള്ള സത്തയാണ് മനുഷ്യവ്യക്തി. ഗാന്ധിജിക്ക് വിദ്യാഭ്യാസമെന്നാൽ വ്യക്തിത്വവികസനമാണ്. വ്യക്തിത്വവികസനമെന്നാൽ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും വികസന

മാണ്; പൂർണ്ണസത്തയുടെ സമഞ്ജസമായ വികസനമാണ്. ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളിലെ സകലുേനയുള്ള പുരോഗതിയാണ് മനുഷ്യവ്യക്തിത്വത്തിന്റെ പുരോഗതി. ഗാന്ധിജി വിഭാവനംചെയ്ത സമൂഹത്തിൽ വ്യക്തികൾ തമ്മിൽ സംഘർഷമില്ല. ഗാന്ധിജി പറഞ്ഞു: 'വ്യക്തിക്ക് സ്വകാര്യവ്യക്തിത്വത്തിനുപരി സാമൂഹികമായ മാനം കൂടിയുണ്ട്. കാരണം, പൂർണ്ണവ്യക്തിശൂന്യതയിലല്ല ജീവിക്കുന്നത്; സമൂഹത്തിലാണ്. അപ്പോൾ സാമൂഹികജീവിതം വ്യക്തിജീവിതമാണ്. മനുഷ്യന്റെ സ്വകാര്യവ്യക്തിത്വവികസനം അവന്റെ സാമൂഹികവ്യക്തിത്വവികസനത്തിന് വിഘാതമാവുകയില്ല. എന്നല്ല സാമൂഹികവികസനംകൂടി സാദ്ധ്യമാകുമ്പോഴേ മനുഷ്യവ്യക്തിയുടെ വികസനം പൂർണ്ണമാവുകയുള്ളൂ. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണ്ണവ്യക്തിത്വത്തിന്റെ, ശരീരവും മനസ്സും ആത്മാവുമുള്ള മനുഷ്യവ്യക്തിയുടെ വ്യക്തിഗതവും സാമൂഹികവുമായ വികസനമാണ്." ഗാന്ധിജി കർമ്മയോഗിയായിരുന്നു. 'യോഗം' എന്നതിന്റെ ലളിതമായ അർത്ഥം ശരീരത്തിന്റെയും മനസ്സിന്റെയും മേലുള്ള അച്ചടക്കം എന്നാണ്. ഇതിന് വിദ്യാർത്ഥികളെ യമനിയമങ്ങൾ പഠിപ്പിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു. യമം എന്നാൽ മനുഷ്യരോടും ജീവജാലങ്ങളോടും അജൈവവസ്തുക്കളോടും അനുഷ്ഠിക്കേണ്ട ധർമമാണ്. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം അപരിഗ്രഹം എന്നിവയാണ് യമധർമങ്ങൾ. നിയമങ്ങളിൽപ്പെടുന്നവയാണ് സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ധ്യാനം എന്നിവ. ഭഗവദ്ഗീത നിർവചിച്ചിട്ടുള്ളതുപോലെ വിദ്യാഭ്യാസം കൊണ്ട് ഓരോ വിദ്യാർത്ഥിക്കും 'സ്ഥിതപ്രജ്ഞന്റെ' ഗുണമുണ്ടാകണമെന്നാണ് ഗാന്ധിജി ആവശ്യപ്പെട്ടത്. ഗാന്ധിജി വിദ്യാലയങ്ങളെക്കുറിച്ചു പറഞ്ഞു: 'അധമമോ അവിശുദ്ധമോ ആയ ഒന്നും ഉണ്ടാവാത്ത പുണ്യസ്ഥലമാണ് വിദ്യാലയവും കലാശാലയും.'

**ബ്രിട്ടീഷുകാർ ഭാരതത്തിന്റെമേൽ അടിച്ചേല്പിച്ച നിലവിലുള്ള വിദ്യാഭ്യാസം വ്യക്തിത്വവികസനത്തിനോ സാമൂഹികപുരോഗതിക്കോ സഹായകമാകില്ലെന്ന് ഗാന്ധിജി പറഞ്ഞു. അതു വ്യക്തികളെ മാനസികമായി വികലരാക്കുകയും സ്വന്തംനാട്ടിൽ അവരെ വിദേശികളാക്കുകയും ചെയ്തിരിക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.**

ബ്രിട്ടീഷുകാർ ഭാരതത്തിന്റെമേൽ അടിച്ചേല്പിച്ച നിലവിലുള്ള വിദ്യാഭ്യാസം വ്യക്തിത്വവികസനത്തിനോ സാമൂഹികപുരോഗതിക്കോ സഹായകമാകില്ലെന്ന് ഗാന്ധിജി പറഞ്ഞു. അതു വ്യക്തികളെ മാനസികമായി വികലരാക്കുകയും സ്വന്തംനാട്ടിൽ അവരെ വിദേശികളാക്കുകയും ചെയ്തിരിക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹം പറഞ്ഞു: "മെക്കാളെ കെട്ടിപ്പടുത്ത വിദ്യാഭ്യാസത്തിന്റെ അടിത്തറ നമ്മെ അടിമകളാക്കിയിരിക്കുന്നു. ആധുനികവിദ്യാഭ്യാസം നമ്മുടെ കണ്ണുകളെ ആത്മാവിൽനിന്നു വ്യതിചലിക്കാനുള്ള പ്രവണതയുണ്ടാക്കുന്നു. അതുകൊണ്ട് ആത്മശക്തിയുടെ കഴിവുകൾ നമ്മെ ആവേശംകൊള്ളിക്കുന്നില്ല. നമ്മുടെ ദൃഷ്ടി തന്മൂലം ക്ഷണികവും നശ്വരവുമായ ഭൗതികശക്തിയിൻമേലാണ് ഉറപ്പിച്ചിരിക്കുന്നത്." ഈ വിദ്യാഭ്യാസം ആത്മീയശക്തിയെ ഉത്തേജിപ്പിക്കുന്നതിനു പകരം വെറും ഭൗതികമായ നേട്ടങ്ങൾക്കു പ്രാധാന്യം നല്കുന്നുവെന്നാണ് ഗാന്ധിജി പറഞ്ഞതിന്റെ സാരം. അദ്ദേഹം പറഞ്ഞു: "ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഏറ്റവും പ്രത്യക്ഷമായ ദോഷം, അതു നമ്മുടെ അസ്തിത്വത്തിന്റെ അവി

ച്ഛിന്നതയെ തകർത്തിക്കുന്നു എന്നതാണ്." വൈദേശികവും ദേശീയേതരവുമായ വിദ്യാഭ്യാസം നമ്മുടെ മഹത്തായ സംസ്കാരത്തിന് ആഘാതമേല്പിച്ചു. അത് ദേശീയജീവിതത്തിന്റെ അടിത്തറ തകർത്തു. ബ്രിട്ടീഷുകാർ നടപ്പാക്കിയ വിദ്യാഭ്യാസസമ്പ്രദായമാകെ പൊളിച്ചുമാറ്റണമെന്ന് ഗാന്ധിജി ആവശ്യപ്പെടുകയുണ്ടായി. ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് 64 വർഷം കഴിഞ്ഞെങ്കിലും നമ്മുടെ വിദ്യാലയങ്ങളിലും സർവകലാശാലകളിലും നിലനില്ക്കുന്നത് കോളനിഭരണം അടിച്ചേല്പിച്ച വിദ്യാഭ്യാസസമ്പ്രദായമാണ്.

ഒരു ജനതയുടെ വിദ്യാഭ്യാസം ആ ജനതയുടെ നൈസർഗികമായ ആന്തരപ്രഭാവം പൂർണ്ണമായും പ്രകടമാകുന്ന ഒന്നായിരിക്കണമെങ്കിൽ അത് തദ്ദേശോദ്ഭൂതമായിരിക്കണം; പുറമെനിന്ന് അടിച്ചേല്പിച്ച ഒന്നോ ലോകത്തിന്റെ മറ്റേതെങ്കിലും ഭാഗത്തു പ്രചാരത്തിലിരിക്കുന്ന ഒരു സമ്പ്രദായത്തിന്റെ– ആ സമ്പ്രദായം എത്രതന്നെ പ്രശസ്തവും അംഗീകൃതമൂല്യമുള്ളതുമായിരുന്നാലും– അനുകരണമോ ആയിരിക്കരുത്. രാഷ്ട്രത്തിന്റെ ആശയാദർശങ്ങളെയും ചരിത്രത്തെയും സംസ്കാരത്തെയും അടിസ്ഥാനമാക്കിയുള്ള വികാസമാണ് ദേശീയവിദ്യാഭ്യാസത്തിന് ഉണ്ടാകേണ്ടത്. രാഷ്ട്രത്തിന്റെ മതപരവും സാമൂഹികവും രാഷ്ട്രീയവുമായി ബന്ധപ്പെട്ടതായിരിക്കണം ആ രാഷ്ട്രത്തിന്റെ വിദ്യാഭ്യാസദർശനം. എന്നാൽ അതിന്റെ പ്രയോഗം സ്ഥലകാലസാമൂഹികസ്ഥിതിവിശേഷങ്ങളെ സംബന്ധിക്കുന്ന യാഥാർത്ഥ്യങ്ങളെ ആശ്രയിച്ചുമായിരിക്കണം. ഭാരതത്തിന് അനുയോജ്യമായ ഒരു ദേശീയവിദ്യാഭ്യാസപദ്ധതി ഗാന്ധിജിയുടെ സ്വപ്നമായിരുന്നു. ഗാന്ധിജി പറഞ്ഞു: "ആധുനികവിദ്യാഭ്യാസസൗധത്തിന്റെ ഘടകങ്ങളായ പാഠ്യപദ്ധതിയും അദ്ധ്യാപനാശയങ്ങളും ഓക്സ്ഫോർഡിലും കേംബ്രിഡ്ജിലുംനിന്ന് എഡിൻബറോയിലും ലണ്ടനിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ടവയാണ്. അവ തികച്ചും വൈദേശികമാണ്. അവ നിരാകരിക്കപ്പെടുന്നതുവരെ ഒരു ദേശീയ വിദ്യാഭ്യാസപദ്ധതി ഉണ്ടാവുക സാദ്ധ്യമല്ല." പാശ്ചാത്യപാഠ്യപദ്ധതികളും അദ്ധ്യാപനാശയങ്ങളും ഭാരതത്തിന്റെ ദേശീയവിദ്യാഭ്യാസലക്ഷ്യങ്ങൾ നിറവേറ്റുകയില്ലെന്ന് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. അദ്ദേഹം എഴുതി: "ദീർഘകാലമായി നിലനിന്നുവരുന്ന മഹത്തായ ഭാരതീയസംസ്കാരത്തിന് തനതായ ഒരു വിദ്യാഭ്യാസരീതി ഉണ്ടായിരുന്നുവെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതാണ്. 'ദേശീയം' എന്നുവിളിക്കാൻ അർഹതയുള്ള കാര്യം ഇതാണ്. ഇത് അടിസ്ഥാനപരമായി ആംഗ്ലോ-ഇന്ത്യൻരീതിയിൽനിന്നും നിഷ്പന്നമായ കപടദേശീയരീതിയിൽനിന്നും വ്യത്യസ്തമാണ്."

**ബ്രിട്ടീഷുകാർ നടപ്പാക്കിയ വിദ്യാഭ്യാസസമ്പ്രദായമാകെ പൊളിച്ചുമാറ്റണമെന്ന് ഗാന്ധിജി ആവശ്യപ്പെടുകയുണ്ടായി. ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് 64 വർഷം കഴിഞ്ഞെങ്കിലും നമ്മുടെ വിദ്യാലയങ്ങളിലും സർവകലാശാലകളിലും നിലനില്ക്കുന്നത് കോളനിഭരണം അടിച്ചേല്പിച്ച വിദ്യാഭ്യാസസമ്പ്രദായമാണ്.**

ഗാന്ധിജിയുടെ ഭാവനയിലുള്ള ദേശീയവിദ്യാഭ്യാസം സത്യത്തിന്റെയും സ്നേഹത്തിന്റെയും വിശാലമായ അടിത്തറയിലാണ് കെട്ടിപ്പടുത്തിയിരിക്കുന്നത്. അങ്ങനെയല്ലാത്ത ബുദ്ധിപരവും സാഹിത്യപരവുമായ വിദ്യാഭ്യാസം തികച്ചും പ്രയോജനരഹിതമാണെന്ന കാര്യത്തിൽ ഗാന്ധിജിക്ക് സംശയമുണ്ടായിരുന്നില്ല. സ്വഭാവരൂപവത്കരണമാണ് ദേശീ

യവിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് ഗാന്ധിജി പറഞ്ഞു: "പരിശുദ്ധമായ സ്വഭാവത്തിന്റെ അടിത്തറയിൽ കെട്ടിപ്പടുത്തതല്ലെങ്കിൽ നിങ്ങൾക്കു കിട്ടുന്ന വിദ്യാഭ്യാസം മുഴുവൻ ശൂന്യമായിരിക്കും. സ്വഭാവം കല്ലും കുമ്മായവുംകൊണ്ട് പടുത്തുയർത്താൻ കഴിയില്ല. സ്വന്തം കൈകൊണ്ടല്ലാതെ അതു രൂപവത്കരിക്കാനാവില്ല. പുസ്തകങ്ങളുടെ താളുകളിൽനിന്ന് നിങ്ങൾക്കത് ചീന്തിത്തരാൻ അദ്ധ്യാപകന്മാർക്കു കഴിയുകയില്ല. നിങ്ങൾ വ്യക്തിജീവിതത്തിലെ പരിശുദ്ധിയിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ, വിചാരത്തിലും പ്രവൃത്തിയിലും അതു പാലിക്കാൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ, തികഞ്ഞ പണ്ഡിതന്മാരാകാമെങ്കിലും നിങ്ങൾ തകർന്നുകഴിഞ്ഞു എന്നു ഞാൻ പറയും." വെറും അക്ഷരാഭ്യാസമല്ല വിദ്യാഭ്യാസമെന്നും അതു വെറും സാഹിത്യാഭ്യാസമല്ലെന്നും ഗാന്ധിജി പറഞ്ഞു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസം സാരവത്തായ ഒന്നാണെങ്കിൽ "നിങ്ങളുടെ പരിസരത്തിൽ അതു പരിമളം പരത്തണം. ദിനംതോറും നിങ്ങളുടെ സമയത്തിൽ കുറച്ചു നിങ്ങൾക്കു ചുറ്റുമുള്ള ജനങ്ങളെ പ്രായോഗികമായി സേവിക്കുന്നതിനു വിനിയോഗിക്കണം. വിദ്യാഭ്യാസത്തിന്റെ ഏറ്റവും സമ്പന്നമായ ഭാഗം അതായിരിക്കും, സാഹിത്യപ്രബന്ധങ്ങൾ കാണാപ്പാഠം പഠിക്കലല്ല."

വിദ്യാഭ്യാസമനശ്ശാസ്ത്രം ആഴത്തിൽ മനസ്സിലാക്കിയിട്ടുള്ള ഒരു അപൂർവവിദ്യാഭ്യാസചിന്തകനായിരുന്നു ഗാന്ധിജി. പാശ്ചാത്യമനശ്ശാസ്ത്രചിന്തകൾക്കപ്പുറം കടന്ന് ഉപനിഷത്തുകളുടെയും ഭഗവദ്ഗീതയുടെയും മനശ്ശാസ്ത്രം അദ്ദേഹം മനസ്സിലാക്കി അത് തന്റെ വിദ്യാഭ്യാസചിന്തകളിൽ പ്രയോഗിച്ചു. ഇതു പ്രത്യേകിച്ച് ഗാന്ധിജിയുടെ ശിശുവിദ്യാഭ്യാസചിന്തകളിൽ വ്യക്തമായി തെളിഞ്ഞുകാണാം. വിദ്യാഭ്യാസത്തെ ഒരു ആജീവനാന്തപ്രക്രിയയായിട്ടാണ് ഗാന്ധിജി കണ്ടത്. വിദ്യാഭ്യാസം കുടുംബത്തിൽനിന്നു തുടങ്ങണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗാന്ധിജി പറഞ്ഞു: "നാട്ടിലെ ഓരോ വീടും ഓരോ വിദ്യാലയമാണ്; മാതാപിതാക്കൾ അദ്ധ്യാപകരും." ആത്യന്തികമൂല്യങ്ങൾ സാക്ഷാത്കരിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ അന്ത്യം എന്നുള്ളതുകൊണ്ട് അതിനാവശ്യമായ അടിസ്ഥാനമിടുകയാണ് വിദ്യാഭ്യാസത്തിന്റെ ആദ്യപടിയായി ചെയ്യേണ്ടത്. സത്യം, അഹിംസ, സ്നേഹം, ഈശ്വരൻ എന്നീ സങ്കല്പങ്ങൾ ശിശുക്കളുടെ മനസ്സിൽ രൂഢമൂലമാകണം. ഓരോ ശിശുവിനും പൂർണ്ണതയിലെത്താൻ അവകാശമുണ്ട്, അതിനു പ്രാപ്തിയുണ്ട്. സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ഗാന്ധിജി വാദിച്ചത്. ഗാന്ധിജി പറഞ്ഞു: "നമ്മുടെ വിദ്യാഭ്യാസത്തിലൊരു വിപ്ലവം വരുത്തണം." തലച്ചോറിനു കൈകൾ വഴി വിദ്യാഭ്യാസം നല്കണം. ഞാനൊരു കവിയായിരുന്നെങ്കിൽ അഞ്ചുവിരലുകളുടെ സാധ്യതകളെപ്പറ്റി ഒരു കവിത എഴുതുമായിരുന്നു. മനസ്സാണ് എല്ലാമെന്നും കൈകാലുകൾ ഒന്നുമല്ലെന്നും നിങ്ങൾ വിചാരിക്കുന്നതെന്തിന്? കൈകൾക്ക് ശരിയായ പരിശീലനം നല്കാതെ വിദ്യാഭ്യാസത്തിന്റെ സാധാരണഗതിക്കു പോകുന്ന ഒരാൾക്ക് ജീവിതത്തിലെ സംഗീതാംശം

**വിദ്യാഭ്യാസമനശ്ശാസ്ത്രം ആഴത്തിൽ മനസ്സിലാക്കിയിട്ടുള്ള ഒരു അപൂർവവിദ്യാഭ്യാസചിന്തകനായിരുന്നു ഗാന്ധിജി. പാശ്ചാത്യമനശ്ശാസ്ത്രചിന്തകൾക്കപ്പുറം കടന്ന് ഉപനിഷത്തുകളുടെയും ഭഗവദ്ഗീതയുടെയും മനശ്ശാസ്ത്രം അദ്ദേഹം മനസ്സിലാക്കി അത് തന്റെ വിദ്യാഭ്യാസചിന്തകളിൽ പ്രയോഗിച്ചു.**

നഷ്ടപ്പെടുന്നു. വെറും പുസ്തകജ്ഞാനം, കുട്ടിയുടെ ശ്രദ്ധയെ പൂർണ്ണമായി പിടിച്ചു നിർത്താൻതക്ക താത്പര്യം അവനിലുണ്ടാക്കുന്നില്ല. വെറും വാക്കുകൾ നിമിത്തം തല ച്ചോറിനു ക്ഷീണം ബാധിക്കുകയും കുട്ടിയുടെ മനസ്സ് അലഞ്ഞുതിരിയുകയും ചെയ്യു ന്നു. കൈ അതു ചെയ്യേണ്ട പ്രവൃത്തി ചെയ്യുന്നില്ല, കണ്ണ് അതു കാണേണ്ട കാര്യം കാണു ന്നില്ല, കാത് അതു കേൾക്കേണ്ട കാര്യം കേൾക്കുന്നില്ല. ചെയ്യുന്നതും കാണുന്നതും കേൾക്കുന്നതും വേണ്ടാത്ത കാര്യങ്ങളാണ്. അതുകൊണ്ട് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം പലപ്പോഴും അവരുടെ നാശത്തിനു വഴിവയ്ക്കുന്നു. നല്ലതും ചീത്തയും തമ്മിൽ തിരിച്ച റിയാനും, ആദ്യത്തേത് ഉൾക്കൊള്ളാനും രണ്ടാമത്തേത് ഉപേക്ഷിക്കാനും നമ്മെ പഠിപ്പി ക്കാത്ത വിദ്യാഭ്യാസം ആ പേര് അർഹിക്കുന്നില്ല."

വിദ്യാഭ്യാസം കുഞ്ഞുങ്ങളുടെ ശരീരസംസ്കരണത്തിനും മനഃസംസ്കരണത്തിനു മായിരിക്കണമെന്ന് ഗാന്ധിജി പറഞ്ഞു. ഇതിൽ ആദ്യം ഊന്നൽ നല്കേണ്ടത് ശരീരസം സ്കരണത്തിനാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം പറഞ്ഞു: "കൊച്ചു കുഞ്ഞിനെ ആദ്യം പഠിപ്പിക്കേണ്ടതു ശരീരം ശുദ്ധമാക്കിവയ്ക്കാനാണ്; അവന്റെ വസ്ത്ര ങ്ങൾ ശുദ്ധമായി സൂക്ഷിക്കാനാണ്. ശാരീരികാരോഗ്യത്തിന്റെ ബാലപാഠങ്ങൾ അവനെ അഭ്യസിപ്പിക്കണം. അക്ഷരം പഠിപ്പിക്കുന്നതിനുമുൻപ് ശാരീരികശിക്ഷണമാണ് അവനു നല്കേണ്ടത്. ബുദ്ധിയുടെ ശരിയായ ശിക്ഷണം കൈ, കാൽ, കണ്ണ്, ചെവി, മൂക്ക് തുടങ്ങിയ ശരീരാവയവങ്ങളുടെ ചിട്ടപ്രകാര മുള്ള അഭ്യാസംകൊണ്ടും വ്യായാമം കൊണ്ടും മാത്രമേ സിദ്ധിക്കുകയുള്ളൂ എന്നാണ് എന്റെ പക്ഷം. മറ്റു വാക്കുകളിൽപ റഞ്ഞാൽ ഒരു കുട്ടിയുടെ ശരീരാവയവങ്ങ ളുടെ ബുദ്ധിപൂർവമായ ഉപയോഗംകൊണ്ട് ബുദ്ധിശക്തി എളുപ്പത്തിലും ഏറ്റവും നല്ല രീതിയിലും വളർത്താൻ പറ്റും. പക്ഷേ, ബുദ്ധിയുടെയും ശരീരത്തിന്റെയും വളർച്ച ആത്മീയ ഉത്ബുദ്ധതയുമായി കൈകോർത്തു പോകുന്നില്ലെങ്കിൽ താളംതെറ്റിയ വളർച്ചയാകും ഉണ്ടാവുക. ഒരു കുട്ടിയുടെ വിദ്യാഭ്യാസം ആത്മീയവും ശാരീരികവുമായി ഒരേസമയം സമരസപ്പെട്ടുപോയാൽ മാത്രമേ ബുദ്ധിക്ക് ഉചിതവും സർവതോന്മുഖവുമായ വളർച്ച ഉണ്ടാവുകയുള്ളൂ. അവ അവിഭാജ്യമാംവണ്ണം ഏകോപിച്ച ഒരാകെത്തുകയാണ്." ശാരീരികവും മാനസികവുമായ വളർച്ച എത്തുന്നതി നുമുൻപേ കുഞ്ഞുങ്ങളെ സ്കൂളുകളിൽ ചേർക്കുന്നതിന് അദ്ദേഹം എതിരായിരുന്നു.

**വിദ്യാഭ്യാസം കുഞ്ഞുങ്ങളുടെ ശരീരസംസ്കരണത്തിനും മനഃസം സ്കരണത്തിനുമായിരിക്കണമെന്ന് ഗാന്ധിജി പറഞ്ഞു. ഇതിൽ ആദ്യം ഊന്നൽ നല്കേണ്ടത് ശരീരസംസ്കര ണത്തിനാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.**

വിദ്യാഭ്യാസത്തിൽ പുസ്തകത്തിന് ഇന്നു നാം നല്കുന്ന അമിതപ്രാധാന്യത്തെ ഗാന്ധിജി അപലപിച്ചു. അദ്ദേഹം പറഞ്ഞു: 'ഋഷിമാർ കുട്ടികളെ പുസ്തകമില്ലാതെയാണ് പഠിപ്പിച്ചത്. ഓർമയിൽ അമൂല്യമായി സൂക്ഷിക്കാനും പ്രായോഗികജീവിതത്തിൽ പകർത്താനും ഏതാനും മന്ത്രങ്ങൾ മാത്രമാണ് അവർ ശിഷ്യന്മാർക്കു നല്കിയത്. ഇന്നത്തെ വിദ്യാർത്ഥികൾക്കാകട്ടെ ശ്വാസംമുട്ടിക്കുന്ന ഒരു കുന്നുപുസ്തകങ്ങൾക്കിടയി ലാണ് ജീവിക്കേണ്ടിയിരിക്കുന്നത്. ഇന്നത്തെ പുറപുസ്തകങ്ങൾ കുട്ടികൾക്ക് സാധാരണ ഇടപഴകേണ്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവയുമല്ല. അവർക്ക് തികച്ചും അപരിചിത

കാര്യങ്ങളാണ് അവ പ്രതിപാദിക്കുന്നത്. നല്ലതെന്ത്, ചീത്തയെന്ത് എന്ന് ഒരു കുട്ടി പഠിക്കുന്നത് പാഠപുസ്തകങ്ങളിൽക്കൂടിയല്ല. സ്വന്തം ചുറ്റുപാടുകളിൽക്കൂടി അവനു ലഭിക്കുന്നില്ല. എനിക്കു സ്വന്തം മാർഗം അവലംബിക്കാൻ അനുമതി ലഭിക്കുകയാണെങ്കിൽ ഞാൻ ഇന്നത്തെ പാഠപുസ്തകങ്ങളൊക്കെ നശിപ്പിക്കുകയും വിദ്യാർത്ഥിക്ക് തന്റെ തൊട്ടടുത്ത ചുറ്റുപാടുകളുമായി ഇടപഴകി ജീവിക്കാൻ പറ്റുന്നതരത്തിലുള്ള പാഠപുസ്കങ്ങൾ എഴുതിക്കുകയും ചെയ്യും.' ഏതാണ്ട് 90 വർഷം മുൻപ് പുസ്തകങ്ങളെപ്പറ്റി ഗാന്ധിജി പറഞ്ഞത് കൊച്ചുകുട്ടികളുടെ കാര്യത്തിൽ ഇന്നും പ്രസക്തമാണ്. കുട്ടികളുടെ ശാരീരികവും ബുദ്ധിപരവും സാമൂഹികവുമായ പരിതഃസ്ഥിതികളെ കണക്കിലെടുത്തും ആ പാരിസ്ഥിതികഘടകങ്ങളുടെ സഹായത്തോടെ മാതൃഭാഷയിൽക്കൂടി ചരിത്രം, ഭൂമിശാസ്ത്രം, കണക്ക്, മറ്റു ശാസ്ത്രങ്ങൾ എന്നിവ പഠിപ്പിക്കണമെന്നതായിരുന്നു ഗാന്ധിജിയുടെ കാഴ്ചപ്പാട്. പഴഞ്ചനെന്നു പല 'പുരോഗമന'വാദികളും കളിയാക്കിയ ഈ വിദ്യാഭ്യാസരീതി ലോകം ഇന്ന് തികച്ചും അംഗീകരിച്ചുതുടങ്ങിയിട്ടുണ്ട്.

ഗാന്ധിജിയുടെ വിദ്യാഭ്യാസാശയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അടിസ്ഥാനവിദ്യാഭ്യാസം. ഗാന്ധിജി എഴുതി: "ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം രാജ്യത്തിന്റെ ആവശ്യങ്ങൾ യാതൊരു രൂപത്തിലും നിറവേറ്റുന്നില്ല. തൊഴിൽപരമായ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാഭ്യാസമുള്ള വർഗ്ഗത്തെ സൃഷ്ടിപരമായ തൊഴിലിന് അപര്യാപ്തമാക്കുകയും അങ്ങനെ ശാരീരികമായി അവർക്കു വിനവരുത്തിവയ്ക്കുകയും ചെയ്തു." ഉപയോഗപ്രദമായ ഒരു തൊഴിൽ കുട്ടികളെ അഭ്യസിപ്പിക്കുകയും അവരുടെ ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകൾ വളർത്തിയെടുക്കുകയും ചെയ്യുന്ന വിദ്യാഭ്യാസമാണ് ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസം. ഗാന്ധിജി പറഞ്ഞു: 'അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം ഏതെങ്കിലും കൈത്തൊഴിൽ വഴി കുട്ടികൾക്ക് ശാരീരികവും മാനസികവും ധാർമികവുമായ വളർച്ചയുണ്ടാക്കുക എന്നതാണ്." വിദ്യാഭ്യാസത്തെ മനുഷ്യാദ്ധ്വാനത്തിൽനിന്നു വേർപ്പെടുത്തുന്നതിനോട് അദ്ദേഹം എതിരായിരുന്നു. ബുദ്ധി പ്രധാനമായ തൊഴിലുകൾക്കും ശരീരപ്രധാനമായ തൊഴിലുകൾക്കും തുല്യപദവി നല്കണമെന്നും ഗാന്ധിജി ആവശ്യപ്പെട്ടു. കായികാദ്ധ്വാനത്തിലേർപ്പെടാത്ത ബുദ്ധിജീവിയെ അംഗീകരിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ഗാന്ധിജി തന്റെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതി ആവിഷ്കരിച്ചത് ഭാരതത്തിലെ ഗ്രാമങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ്. ഭാരതം ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്നും ജീവിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ തൊഴിൽ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം നഗരപ്രദേശങ്ങളിലും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാമെന്നുള്ളതിൽ അദ്ദേഹത്തിന് സംശയമുണ്ടായിരുന്നില്ല.

**വിദ്യാഭ്യാസത്തിൽ പുസ്തകത്തിന് ഇന്നു നാം നല്കുന്ന അമിതപ്രാധാന്യത്തെ ഗാന്ധിജി അപലപിച്ചു. അദ്ദേഹം പറഞ്ഞു: 'ഋഷിമാർ കുട്ടികളെ പുസ്തകമില്ലാതെയാണ് പഠിപ്പിച്ചത്. ഓർമയിൽ അമൂല്യമായി സൂക്ഷിക്കാനും പ്രായോഗികജീവിതത്തിൽ പകർത്താനും ഏതാനും മന്ത്രങ്ങൾ മാത്രമാണ് അവർ ശിഷ്യന്മാർക്കു നല്കിയത്.**

ഗാന്ധിജി ഉന്നതവിദ്യാഭ്യാസത്തിന് എതിരായിരുന്നുവെന്ന ഒരു ധാരണ ഉണ്ടായിട്ടുണ്ട്. ഇതു ശരിയല്ല. അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിന് എതിരായിരുന്നില്ല. സർവകലാ

ശാലകളിലെ പാഠ്യപദ്ധതികൾകൊണ്ട് വിദ്യാർത്ഥികളുടെ ഭാവിജീവിതത്തിന് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്ന് അദ്ദേഹം നിരീക്ഷിച്ചു. അദ്ദേഹം പറയുന്നു: "ലോകത്തിൽവച്ച് ഏറ്റവും ഉന്നതമായ വിദ്യാഭ്യാസത്തിനുപോലും ഞാനെതിരല്ല. എന്നാൽ വിദ്യാഭ്യാസമെന്ന പേരിൽ നമ്മുടെ കലാശാലകളിൽ നല്കപ്പെടുന്ന വലിയ തോതിലുള്ള പരിശീലനം വെറും ദുർവ്യയമാണെന്നും അത് അഭ്യസ്തവിദ്യർക്കിടയിൽ തൊഴിലില്ലായ്മയ്ക്കു കാരണമായിട്ടുണ്ടെന്നും ദൃഢമായി വിശ്വസിക്കുന്ന ആളാണ് ഞാൻ. എന്റെ പദ്ധതിയനുസരിച്ച് എണ്ണത്തിലും ഗുണത്തിലും മുന്നിട്ടുനില്ക്കുന്ന ഗ്രന്ഥശാലകളുണ്ടാവും, പരീക്ഷണശാലകളുണ്ടാവും, ഗവേഷണസ്ഥാപനങ്ങളുണ്ടാവും. രാഷ്ട്രത്തിന്റെ ശരിയായ സേവകരും തങ്ങളുടെ അവകാശങ്ങളും ആവശ്യങ്ങളും എന്തെന്ന് കൂടുതൽ കൂടുതൽ ബോധമുണ്ടായിവരുന്ന ഒരു ജനതതിയുടെ വിവിധവും  വർദ്ധമാനവുമായ ആവശ്യങ്ങൾ സാധിപ്പിക്കുന്നവരുമായ ഒരു സംഘം രസതന്ത്രജ്ഞൻമാരും എൻജിനിയറുമാരും മറ്റു വിദഗ്ദ്ധന്മാരും നമുക്കുണ്ടായിരിക്കും. ഇവരെല്ലാം സംസാരിക്കുന്നത് ഒരു വിദേശഭാഷയായിരിക്കില്ല, ജനങ്ങളുടെ ഭാഷയായിരിക്കും. അവർ നേടിയ വിജ്ഞാനം ജനങ്ങളുടെ പൊതുസ്വത്തായിരിക്കും. വെറും അനുകരണങ്ങളല്ലാതെ യഥാർത്ഥത്തിൽ മൗലികമായ പ്രവർത്തനങ്ങൾ നടക്കും." ഗാന്ധിജി സർവകലാശാലാവിദ്യാഭ്യാസത്തെ വിപ്ലവകരമായി മാറ്റി, അതിനെ ദേശീയാവശ്യങ്ങളുമായി ബന്ധിപ്പിക്കാനാണ് ആഗ്രഹിച്ചത്. ഓരോ വ്യവസായവുമായി ബന്ധപ്പെട്ട 'പ്രൊഫഷണൽ കോളേജുകൾ ഉണ്ടാവണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മാനേജ്മെന്റ്', വാണിജ്യം, കലാവിഷയങ്ങൾ, വൈദ്യശാസ്ത്രം, കൃഷി എന്നിവയിൽ ഉന്നതനിലവാരം പുലർത്തുന്ന കോളേജുകൾ ഉണ്ടാവണമെന്നതായിരുന്നു കാഴ്ചപ്പാട്.

**കായികാദ്ധ്വാനത്തിലേർപ്പെടാത്ത ബുദ്ധിജീവിയെ അംഗീകരിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ഗാന്ധിജി തന്റെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതി ആവിഷ്കരിച്ചത് ഭാരതത്തിലെ ഗ്രാമങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ്. ഭാരതം ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്നും ജീവിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.**

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ' എന്നതായിരുന്നു ഗാന്ധിജിയുടെ ഭാഷാനയം ഗാന്ധിജി പ്രഖ്യാപിച്ചു: "സ്വന്തം മാതൃഭാഷ മറക്കുകയോ, മാതൃഭാഷാപഠനത്തിൽ ഉപേക്ഷ കാണിക്കുകയോ, സ്വന്തം ഭാഷയെക്കുറിച്ച് ലജ്ജിക്കുകയോ ചെയ്യുന്ന ഒരു ഭാരതീയൻ പോലും ഉണ്ടാകരുതെന്ന് എനിക്കഭിപ്രായവുമുണ്ട്. സ്വന്തം നാട്ടുഭാഷയിൽ നല്ല ആശയങ്ങൾ ചിന്തിക്കാനോ ആവിഷ്കരിക്കാനോ കഴിയില്ലെന്നു വിചാരിക്കുന്ന ഒരു ഭാരതീയനുമുണ്ടാകരുത്." ഇംഗ്ലീഷിനെ ബോധനമാധ്യമമാക്കുന്നതിന് ഗാന്ധിജി എതിരായിരുന്നു. 1916 ഫെബ്രുവരി 4ന് കാശി ഹിന്ദുസർവ്വകലാശാലയുടെ ഉദ്ഘാടനയോഗത്തിൽ ഗാന്ധിജി പറഞ്ഞു: 'നിങ്ങൾ ഇംഗ്ലീഷ് പഠിക്കേണ്ടെന്നു ഞാൻ പറയില്ല. നിങ്ങൾ അതു പഠിക്കണം. എന്റെ കാഴ്ചപ്പാടിൽ ഇംഗ്ലീഷ് കോടിക്കണക്കിനുള്ള ഭാരതത്തിലെ കുടുംബങ്ങളുടെ ഭാഷയാകാൻ പറ്റില്ല." തങ്ങളുടേതല്ലാത്ത ഒരു ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണ് ചെയ്യുന്നതെന്നും അവരവരുടെ ജന്മാവകാശത്തെ അപഹരിക്കലാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 1928ൽ അദ്ദേഹം യംങ് ഇൻഡ്യയിൽ എഴുതി: "ഒരു വൈദേശികാദ്ധ്യായനഭാഷ ചെറുപ്പക്കാരുടെ മേൽ അനർഹമായ ഭാരം

ചുമത്തുന്നു; അതവരുടെ നൈസർഗികസിദ്ധികളെ അപഹരിക്കുന്നു; വളർച്ച മുട്ടിക്കുന്നു; അവരെ സ്വന്തം വീട്ടിൽ ഒറ്റപ്പെടുത്തുന്നു. തന്മൂലം ഞാൻ അത്തരം കാര്യം സർവപ്രധാനമായ ഒരു ദേശീയദുരന്തമായി കണക്കാക്കുന്നു." ഇംഗ്ലീഷ്ഭാഷ സ്വീകരിച്ചതിന്റെ നിഷേധാത്മകവശം വിശദീകരിച്ചുകൊണ്ട് അദ്ദേഹം എഴുതി: "കഴിഞ്ഞ 50 വർഷക്കാലമായി നമുക്ക് നാട്ടുഭാഷയിലുള്ള വിദ്യാഭ്യാസം സിദ്ധിച്ചതെന്നു വിചാരിക്കുക. നമുക്കിന്ന് എന്തുണ്ടാകുമായിരുന്നു? ഒരു സ്വതന്ത്രഭാരതമുണ്ടാകുമായിരുന്നു. അവർ സ്വന്തം രാജ്യത്ത് വിദേശികളെപ്പോലെ ആവില്ലായിരുന്നു. മറിച്ച് അവർ രാഷ്ട്രഹൃദയത്തോടു സംസാരിച്ചുകൊണ്ട്, സാധുക്കളിൽവച്ച് സാധുക്കളായവർക്കിടയിൽ പ്രവർത്തിക്കുമായിരുന്നു. കഴിഞ്ഞ 50 വർഷം അവർ നേടിയെടുത്തതെന്തും രാഷ്ട്രത്തിന്റെ പൈതൃകസമ്പത്താകുമായിരുന്നു. 1927ൽ ഗാല്ലയിലെ മഹിന്ദാ കോളേജ് വിദ്യാർത്ഥികളോട് ഗാന്ധിജി ചോദിച്ചു: "അന്യരുടെ ചിന്തകളെ ഒരു വിദേശഭാഷയിൽക്കൂടി ഹൃദിസ്ഥമാക്കുകയും അവ നിങ്ങളുടെ ബുദ്ധിയിൽ കുത്തിനിറയ്ക്കുകയും ചില സർവ്വകലാശാലാബിരുദങ്ങൾ നേടുകയും ചെയ്തിട്ട് നിങ്ങൾ സ്വയം വിദ്യാസമ്പന്നരാണെന്നു കരുതുന്നു. ഇതാണോ വിദ്യാഭ്യാസം?"

പഴഞ്ചനെന്നു ചിലർ വിശേഷിപ്പിച്ച ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനവും അതിന്റെ പ്രയോഗവും അത്യാന്താധുനികമാണെന്ന് വിദ്യാഭ്യാസവിചക്ഷണന്മാർ അംഗീകരിച്ചുതുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കായികവും ബൗദ്ധികവും ആത്മീയവുമായ വികാസമാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. അടുത്തകാലത്ത് യുണെസ്കോ (UNESCO) പുറത്തിറക്കിയ വിദ്യാഭ്യാസരേഖയിൽ വിദ്യാഭ്യാസത്തിന്റെ നെടുംതൂണുകൾ- അറിയാൻ പഠിക്കുക- പ്രവർത്തിക്കാൻ പഠിക്കുക- സഹവർത്തിത്വത്തോടെ ജീവിക്കാൻ പഠിക്കുക- സ്വയം കണ്ടെത്താൻ പഠിക്കുക എന്നിവയാണെന്നു പറഞ്ഞിരിക്കുന്നു. ഉപഭോഗതൃഷ്ണ വളർത്തുന്ന സാമ്പത്തികമാതൃകയിൽനിന്നു പ്രകൃതിയെ സംരക്ഷിക്കുന്നതിനും സാമൂഹികപുരോഗതിക്കും ആത്മീയപുരോഗതിക്കും ഉപയുക്തമായ മാതൃകയിലേക്കു മാറ്റുന്നതിന് ഉതകുന്നതുമാകണം വിദ്യാഭ്യാസമെന്ന് മസാച്ചു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ മനുഷ്യവിഭവവികസനവകുപ്പു തലവൻ പാർത്ഥാ ഘോഷ് പറയുകയുണ്ടായി. ഭാരതീയവിദ്യാഭ്യാസം ഭാരതീയദർശനങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**ഗാന്ധിജി പ്രഖ്യാപിച്ചു: "സ്വന്തം മാതൃഭാഷ മറക്കുകയോ, മാതൃഭാഷാപഠനത്തിൽ ഉപേക്ഷ കാണിക്കുകയോ, സ്വന്തം ഭാഷയെക്കുറിച്ചു ലജ്ജിക്കുകയോ ചെയ്യുന്ന ഒരു ഭാരതീയൻ പോലും ഉണ്ടാകരുതെന്ന് എനിക്കഭിപ്രായവുമുണ്ട്.**

ഖേദകരമെന്നു പറയട്ടെ, ഭാരതത്തിലെ വിദ്യാഭ്യാസമേഖല ഇന്നും പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തിന്റെ നീരാളിപ്പിടിത്തത്തിൽപ്പെട്ട് ഉഴലുകയാണ്. സ്വാതന്ത്ര്യാനന്തരം ഭാരതത്തിൽ അധികാരത്തിൽ വന്നിട്ടുള്ള സർക്കാരുകൾ ഗാന്ധിജിയുടെ ഭാരതീയമായ വിദ്യാഭ്യാസദർശനത്തെ വിസ്മരിക്കുകയാണ് ചെയ്തത്. കഴിഞ്ഞ 64 വർഷക്കാലത്തിനിടയിൽ നിരവധി വിദ്യാഭ്യാസകമ്മിഷനുകളെ ഭാരതത്തിൽ നിയമിക്കുകയുണ്ടായി. എന്നാൽ ഈ കമ്മിഷനുകളൊന്നും ഭാരതീയമായ ഒരു വിദ്യാഭ്യാസപദ്ധതി അവതരിപ്പിക്കുകയുണ്ടായില്ല. യൂറോപ്പിലെയും അമേരിക്കയിലെയും മറ്റു വിദേശരാജ്യങ്ങളിലെയും വിദ്യാ

ഭ്യാസസമ്പ്രദായങ്ങളും പാഠ്യപദ്ധതികളും പകർത്താനാണ് ഇവയൊക്കെ ശ്രമിച്ചിട്ടുള്ളത്. ആഗോളീകരണത്തിന്റെ ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാഭ്യാസം കമ്പോളശക്തികൾക്ക് അടിപ്പെട്ടിരിക്കുകയാണ്. മത്സരാധിഷ്ഠിതമായ ഉദാരീകരണത്തിന്റെ പശ്ചാത്തലത്തിൽ അറിവിന്റെ അന്യവത്കരണം ശക്തിപ്പെടുന്ന അവസ്ഥയാണ് ഭാരതത്തിലുമുള്ളത്. വിദ്യാഭ്യാസം വെറും ചരക്കായും വിദ്യാഭ്യാസസ്ഥാപനങ്ങൾ കച്ചവടസ്ഥാപനങ്ങളായും മാറിക്കഴിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യനന്തരം വിദ്യാഭ്യാസത്തിന്റെ ഭാരതവത്കരണം നടക്കാത്തതിന്റെ ഫലമായി നമ്മുടെ കോളോണിയൽ അടിമത്തമനോഭാവം മാറിയിട്ടില്ല. ഇംഗ്ലീഷ്ഭാഷയോടുള്ള ആസക്തിക്കു കാരണം ഇതാണ്. വിദ്യാഭ്യാസത്തിന്റെ താഴെ തലം മുതൽ ഉന്നതതലംവരെ മാതൃഭാഷ അവഗണിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഇംഗ്ലീഷ് ഭാഷ ബോധനമാധ്യമമായിക്കൊണ്ടിരിക്കുന്നു. ഇത് തങ്ങളുടെ മഹത്തായ സാംസ്കാരികപാരമ്പര്യങ്ങളെയും മാതൃഭാഷയെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനം സത്യത്തിലും അഹിംസയിലും അധിഷ്ഠിതമാണ്. സത്യത്തെ കാണാനുള്ള അദ്ദേഹത്തിന്റെ മാർഗം സ്നേഹമാണ്. സ്നേഹം എന്നാൽ അഹിംസ എന്നാണ് അദ്ദേഹം നിർവചിച്ചത്. സത്യം ലക്ഷ്യവും സ്നേഹവും മാർഗവും. രണ്ടും അന്യോന്യം മാറ്റിപ്രയോഗിക്കാവുന്നതാണെന്ന് അദ്ദേഹം വിശ്വസിച്ചു. നന്മചെയ്യാനുള്ള അഭിവാഞ്ഛയായി സ്നേഹത്തെ വിശദീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസവിചക്ഷണനെന്ന നിലയിൽ അദ്ദേഹം ഈ സ്നേഹാവേശം അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മനസ്സിൽ ഉണ്ടാക്കാൻ ഉതകുന്ന ഒരു വിദ്യാഭ്യാസപദ്ധതി ആവിഷ്കരിച്ചു. മത്സരത്തിനു പകരം സഹകരണവും സ്നേഹവും അവസരസമത്വവും ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസസമ്പ്രദായമായിരുന്നു അത്. ഗാന്ധിജിയുടെ തികച്ചും ഭാരതീയമായ വിദ്യാഭ്യാസദർശനങ്ങളിലേക്കുള്ള തിരിച്ചുപോക്കു മാത്രമാണ് ആഗോളീകരണത്തിന്റെ കാലത്ത് ഭാരതത്തിൽ നടക്കുന്ന പാശ്ചാത്യവത്കരണത്തിനെതിരായ ഏകപോംവഴി. ഗാന്ധിജിയെ മറക്കുകയെന്നാൽ ഭാരതീയതയെ മറക്കലാണ്, നമ്മുടെ സ്വത്വബോധത്തെ വിസ്മരിക്കലാണ്.

**ഖേദകരമെന്നു പറയട്ടെ, ഭാരതത്തിലെ വിദ്യാഭ്യാസമേഖല ഇന്നും പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തിന്റെ നീരാളിപ്പിടിത്തത്തിൽപ്പെട്ട് ഉഴലുകയാണ്. സ്വാതന്ത്ര്യാനന്തരം ഭാരതത്തിൽ അധികാരത്തിൽ വന്നിട്ടുള്ള സർക്കാരുകൾ ഗാന്ധിജിയുടെ ഭാരതീയമായ വിദ്യാഭ്യാസദർശനത്തെ വിസ്മരിക്കുകയാണു ചെയ്തത്.**

**അവലംബം**


1. ഗാന്ധിസാഹിത്യം, വാല്യം 5, വിദ്യാഭ്യാസം, ഗാന്ധിസ്മാരകനിധി, തിരുവനന്തപുരം 1962.
2. ഭാഷയുടെ പ്രത്യയശാസ്ത്രം, ഡോ. ശ്രീനി, ഗാന്ധിസ്മാരകനിധി, തിരുവനന്തപുരം 1983
3. Gandhi Yesterday and Today, Institute of Historical Studies, Kolkatta, 1997.
4. Hindu Education Ram Swarup